Merry Christmas
DECEMBER 25 THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## എസിസിയും ഓറിയന്റും അംബുജയിൽ ലയിക്കും

**മുംബൈ:** അദാനി ഗ്രൂപ്പിലെ സിമന്റ് കമ്പനികളായ എസിസി ലിമിറ്റഡ്, ഓറിയന്റ് സിമന്റ് ലിമിറ്റഡ് എന്നിവയുമായി ലയിക്കാൻ ഡയറക്ടർ ബോർഡ് അനുമതികൾ ലഭിച്ചതായി അംബുജ സിമന്റ്സ് ലിമിറ്റഡ് വ്യക്തമാക്കി. ഇരു കമ്പനികളും അംബുജയിൽ ലയിക്കുകയാണ് ചെയ്യുക. ഇതോടെ, ഇന്ത്യയിലെ ഏറ്റവും വലിയ സമിന്റ് ഉൽപാദനക്കമ്പനികളിലൊന്നായി അംബുജ മാറും. ലയനത്തിന്റെ ഭാഗമായി ഓരോ 10 രൂപ മുഖവിലയുള്ള എസിസിയുടെ 100 ഓഹരികൾക്ക് അംബുജയുടെ 2 രൂപവീതം മുഖവിലയുള്ള 328 ഓഹരികൾ യോഗ്യരായ ഓഹരി ഉടമകൾക്ക് കൈമാറും. ഇതുപോലെ, ഓറിയന്റിന്റെ ഓരോ രൂപ മുഖവിലയുള്ള 100 ഓഹരികൾക്ക് അംബുജയുടെ 2 രൂപ മുഖവിലയുള്ള 33 ഓഹരികളാകും കൈമാറുക.



നിലവിൽ അംബുജ സിമന്റ്സാണ് 1.33 ലക്ഷം കോടി രൂപ വിപണി മൂല്യവുമായി ഇക്കൂട്ടത്തിലെ ഏറ്റവും വലിയ കമ്പനി. എസിസിക്ക് 33,347 കോടി രൂപ, ഓറിയന്റിന് 3,366 കോടി രൂപ എന്നിങ്ങനെയുമാണ് വിപണിമൂല്യം.

ലയനം പ്രവർത്തനമികവ് മെച്ചപ്പെടുത്തുമെന്നും ഉൽപാദനവും ചരക്കുനീക്കവും സുഗമമാക്കുമെന്നും അംബുജ സിമന്റ്സ് പ്രതികരിച്ചു. തീരുമാനങ്ങളെടുക്കൽ, ഉൽപാദനശേഷി വർധിപ്പിക്കൽ എന്നിവയ്ക്ക് ഒറ്റ പ്ലാറ്റ്ഫോം ഏറെ പ്രയോജനപ്പെടും. ബ്രാൻഡിങ്ങും കൂടുതൽ വിപണികളിലേക്കുള്ള പ്രവേശനവും എളുപ്പമാക്കാനും ചെലവുകൾ ചുരുക്കാനും കഴിയുമെന്ന് കമ്പനി കരുതുന്നു.

ലയിച്ച് ഒന്നാകുന്നതിലൂടെ ഓരോ മെട്രിക് ടൺ സിമന്റിനും അധികമായി കുറഞ്ഞത് 100 രൂപയുടെ ലാഭവും കമ്പനി ഉന്നംവയ്ക്കുന്നു. അദാനി ഗ്രൂപ്പിന് കീഴിലെ മറ്റ് രണ്ട് സിമന്റ് കമ്പനികളായ പെന്ന സിമന്റ്, സംഘി ഇൻഡസ്ട്രീസ് എന്നിവയും അംബുജയിൽ ലയിക്കാനുള്ള നടപടികളിലാണ്. ഇവയെല്ലാം ഇനി ഒറ്റ കോർപറേറ്റ് സ്ഥാപനമായി മാറും. അടുത്ത ഒരുവർഷത്തിനകമാണ് ലയനം പൂർണമാവുക. നിലവിൽ അംബുജയുടെ ഉൽപാദനശേഷി വർഷം 107 മില്യൻ ടണ്ണാണ്. ഇത 2027-28ഓടെ 155 മില്യൻ ടണ്ണാക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗവുമാണ് ലയനം. അംബുജയ്ക്ക് 24 പ്ലാന്റുകളും 22 ഗ്രൈൻഡിങ് യൂണിറ്റുകളുമുണ്ട്. നിലവിൽ അദാനിയുടെ കീഴിലെ സിമന്റ് കമ്പനികൾക്ക് രാജ്യത്തിന്റെ വിവിധ മേഖലകളിലായാണ് സ്വാധീനം. ലയിച്ച് ഒന്നാകുന്നതിലൂടെ അഖിലേന്ത്യാതലത്തിൽ ഒറ്റ ബ്രാൻഡ് എന്ന സ്വാധീനം ഉറപ്പാക്കാൻ കഴിയും. ഇത് വളർച്ചയ്ക്ക് കരുത്താകുമെന്ന് കമ്പനി കരുതുന്നു.

# ഇൻഡിഗോയ്ക്ക് ഇളവ് നൽകില്ലെന്ന് കേന്ദ്രം

**ന്യൂദൽഹി:** പഹൽഗാം ഭീകരാക്രമണത്തിന് തിരിച്ചടിയെന്നോണം ഇന്ത്യ വിജയകരമായി നടത്തിയ ഓപ്പറേഷൻ സിന്ദൂർ പ്രത്യാക്രമണത്തിനിടെ പാക്കിസ്ഥാനെ പിന്തുണച്ച തുർക്കിയെ പുറത്തുനിർത്താൻ തന്നെ തീരുമാനിച്ച് ഇന്ത്യ. രാജ്യത്തെ ഏറ്റവും വലിയ വിമാനക്കമ്പനിയായ ഇൻഡിഗോ ഉപയോഗിക്കുന്ന 5 ടർക്കിഷ് വിമാനങ്ങളുടെ പ്രവർത്തനാനുമതി നീട്ടിനൽകില്ലെന്ന് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ എവിയേഷൻ (ഡിജിസിഎ) വ്യക്തമാക്കി.




നിലവിൽ ഇൻഡിഗോ 15 വിദേശ വിമാനങ്ങളാണ് പാട്ടത്തിനെടുത്ത് പറത്തുന്നത്. 7 എണ്ണം തുർക്കിയുടേതാണ്. ഇതിൽ 5 നാരോബോഡി വിമാനങ്ങളുടെ പ്രവർത്തനാനുമതി 2026 മാർച്ചുവരെയായി ഡിജിസിഎ ചുരുക്കിയിരുന്നു. ഇത് ഇനി നീട്ടിനൽകേണ്ടെന്നാണ് തീരുമാനം. തുർക്കിയുടെ കോറെൻഡൻ എയർലൈൻസിൽ നിന്ന് ഇൻഡിഗോ പാട്ടത്തിനെടുത്ത ബോയിങ്737 വിമാനങ്ങളാണിവ. പാട്ടക്കാലാവധി മാർച്ച് 26ന് തീരുമെന്ന് നേരത്തേ ഇൻഡിഗോ അറിയിച്ചിരുന്നു. ബാക്കി 2 എണ്ണം ബോയിങ്777 വൈഡ് ബോഡി എയർക്രാഫ്റ്റുകളാണ്. ഇവയുടെ പ്രവർത്തനാനുമതി 2026 ഫെബ്രുവരിയിലും തീരും.

ഫലത്തിൽ മാർച്ചിനുശേഷം ഈ 7 വിമാനങ്ങളും ഇൻഡിഗോയ്ക്ക് ഉപയോഗിക്കാനാവില്ല. തിരിച്ച് തുർക്കി കമ്പനികൾക്ക് തന്നെ കൊടുക്കണം. പാട്ടക്കാലാവധി പുതുക്കേണ്ടെന്ന് ഡിജിസിഎ നിർദേശിച്ചിട്ടുമുണ്ട്. ഇൻഡിഗോയുടെ കൈവശമുള്ള ടർക്കിഷ് വിമാനങ്ങളുടെ പറക്കൽ അനുമതി 6 മാസത്തേക്ക് കൂടി നീട്ടിയെന്ന് ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഈ പശ്ചാത്തലത്തിലാണ് വ്യക്തതവരുത്തി ഡിജിസിഎ രംഗത്തെത്തിയത്. തുർക്കിയിലെ ഇസ്താംബൂളിൽ നിന്ന് ഡൽഹി/മുംബൈ സർവീസിനാണ് ഇൻഡിഗോ ഈ വിമാനങ്ങൾ ഉപയോഗിക്കുന്നത്. മറ്റൊരു ടർക്കിഷ് കമ്പനിയായ ഫ്രീബേർഡിൽ നിന്ന് 5 എയർബസ് എ320 വിമാനങ്ങൾ കൂടി പാട്ടത്തിനെടുക്കാൻ നേരത്തേ ഇൻഡിഗോയ്ക്ക് ഡിജിസിഎയുടെ അനുമതി ലഭിച്ചിരുന്നു. എന്നാൽ, ഈ വിമാനങ്ങൾ ഇതുവരെ ഇൻഡിഗോ ഉപയോഗിച്ചുതുടങ്ങിയിട്ടില്ല. നിലവിലെ സാഹചര്യത്തിൽ ഇവ ഉപയോഗിക്കാനും അനുമതി ലഭിച്ചേക്കില്ല. വിമാനങ്ങൾ പാട്ടത്തിനെടുത്ത് ഉപയോഗിക്കുന്നത് വ്യോമയാന രംഗത്ത് സാധാരണമാണ്.

ഓപ്പറേഷൻ സിന്ദൂറിനിടെ പാക്കിസ്ഥാന് പിന്തുണയുമായി തുർക്കി രംഗത്തെത്തിയിരുന്നു. പാക്കിസ്ഥാന് തുർക്കി ആയുധങ്ങളും നൽകിയിരുന്നു. പിന്നാലെ ഇന്ത്യയിൽ തുർക്കിക്കെതിരെ ബഹിഷ്കരണ ആഹ്വാനം ശക്തമാവുകയായിരുന്നു. ടർക്കിഷ് ഉൽപന്നങ്ങൾക്ക് പുറമേ തുർക്കിയിലേക്കുള്ള വിനോദ യാത്രയും കുറഞ്ഞു. ഈ വർഷം തുർക്കിയിലേക്കുള്ള ഇന്ത്യൻ സഞ്ചാരികളുടെ എണ്ണം ഇടിഞ്ഞത് 30 ശതമാനത്തിലധികമാണ്. ഇന്ത്യൻ വിമാനത്താവളങ്ങളിൽ ഗ്രൗണ്ട് ഹാൻഡ്ലിങ് ചുമതലയിലുണ്ടായിരുന്ന ടർക്കിഷ് കമ്പനി സെലെബിയുടെ സുരക്ഷാ ക്ലിയറൻസും ഇന്ത്യ റദ്ദാക്കിയിരുന്നു. അദാനി ഗ്രൂപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുൾപ്പെടെയാണ് ഇതോടെ സെലെബി പുറത്തായത്.

## രാജ്യത്തിന് അഭിമാന മുഹൂർത്തം, ബ്ലൂബേർഡ് ബ്ലോക്ക് 2 വിക്ഷേപിച്ചു

**ശ്രീഹരിക്കോട്ട:** യുഎസിന്റെ പുതുതലമുറ വാർത്താവിനിമയ ഉപഗ്രഹമായ ബ്ലൂബേർഡ് ബ്ലോക്ക് 2 വിക്ഷേപണം പൂർണ വിജയം. ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേസ് സെന്ററിലെ രണ്ടാം വിക്ഷേപണത്തറയിൽ നിന്നു കുതിച്ചുയർന്ന എൽവിഎം 3എം 6 ദൗത്യം 16 മിനിറ്റിനുള്ളിൽ ലക്ഷ്യത്തിലെത്തി.

എൽവിഎം 3 റോക്കറ്റിന്റെ വിക്ഷേപണ ചരിത്രത്തിൽ താഴ്ന്ന ഭൂഭ്രമണപഥത്തിൽ (എൽഇഒ) സ്ഥാപിക്കുന്ന ഏറ്റവും ഭാരമേറിയ ഉപഗ്രഹമാണ് 6,100 കിലോഗ്രാം ഭാരമുള്ള ബ്ലൂബേർഡ്. 4,400 കിലോഗ്രാം ഭാരമുള്ള എൽവിഎം 3എം5 കമ്മ്യൂണിക്കേഷൻ സാറ്റലൈറ്റ് 03 ആയിരുന്നു ഇതിനു മുൻപുള്ള ഏറ്റവും ഭാരമേറിയ ഉപഗ്രഹം. ഐഎസ്ആർഒയുടെ വാണിജ്യ വിഭാഗമായ ന്യൂസ്പേസ് ഇന്ത്യ ലിമിറ്റഡും (എൻഎസ്ഐഎൽ) യുഎസ് ആസ്ഥാനമായുള്ള എഎസ്ടി സ്പേസ് മൊബൈലും (എഎസ്ടി ആൻഡ് സയൻസ്, എൽഎൽസി) തമ്മിൽ ഒപ്പുവച്ച വാണിജ്യ കരാറിന്റെ ഭാഗമായാണ് ദൗത്യം. സ്മാർട്ട് ഫോണുകളിലേക്കു ടവറിന്റെ സഹായമില്ലാതെ നേരിട്ട് അതിവേഗ സെല്ലുലാർ സിഗ്നലുകൾ നൽകാൻ രൂപകൽപ്പന ചെയ്ത ഉപഗ്രഹമാണു ബ്ലൂബേർഡ്.




# ക്രിസ്മസ് പുതുവത്സര ഫെയറിന് തുടക്കമായി

**കൊച്ചി:** വിലക്കുറവിന്റെ വലിയ മാതൃകയാകാണ് സപ്ലൈക്കോയുടെ ക്രിസ്മസ് ന്യൂ ഇയർ ഫെയറെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു.

സപ്ലൈകോ ക്രിസ്മസ് പുതുവത്സര ജില്ലാ ഫെയർ മറൈൻ ഡ്രൈവ് ഹെലിപ്പാട് മൈതാനത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സപ്ലൈകോയുടെ സംവിധാനം ഉപയോഗിക്കുന്നതുവഴി വിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്താൻ സാധിക്കുമെന്നും ജനങ്ങൾ ഈ സൗകര്യം വിനിയോഗിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഫെയറിൽ ആദ്യ വിൽപ്പനയും മന്ത്രി നിർവഹിച്ചു. ചടങ്ങിൽ, ജില്ലാ സപ്ലൈ ഓഫീസർ എസ് ഒ ബിന്ദു, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. 280ൽ അധികം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ഓഫറുകളും ബ്രാൻഡഡ് നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ചു മുതൽ 50 ശതമാനം വരെ വിലക്കുറവും ലഭിക്കും. 20 കിലോഗ്രാം അരി 25 രൂപയ്ക്ക് ഫെയറുകളിൽ ലഭ്യമാകും. 500 രൂപയ്ക്ക് മുകളിൽ സബ്സിഡി ഇതര സാധനങ്ങൾ വാങ്ങുന്നവർക്ക് ഒരു കിലോ ശബരി ഉപ്പ് ഒരു രൂപയ്ക്ക് നൽകും. സബ്സിഡി നിരക്കിൽ നൽകുന്ന വെളിച്ചെണ്ണയുടെ വില ലിറ്ററിന് 10 രൂപ കുറച്ച് 309 രൂപയാക്കി. ഒരാൾക്ക് രണ്ട് ലിറ്റർ വരെ ഈ നിരക്കിൽ ലഭിക്കും. സബ്സിഡി ഇതര ശബരി വെളിച്ചെണ്ണയുടെ വില 20 രൂപ കുറച്ച് 329 രൂപയാക്കി. കൂടാതെ, സബ്സിഡി ഇനങ്ങളായ ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ് എന്നിവയ്ക്ക് കിലോയ്ക്ക് രണ്ട് മുതൽ മൂന്ന് രൂപ വരെ വീണ്ടും കുറച്ചിട്ടുണ്ട്.

ജനുവരി മാസത്തെ സബ്സിഡി സാധനങ്ങൾ ഇന്നുമുതൽ തന്നെ സപ്ലൈക്കോ വില്പനശാലകളിൽ നിന്നും മുൻകൂട്ടി വാങ്ങാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ക്രിസ്മസിനോട് അനുബന്ധിച്ച് സാന്റ ഓഫർ എന്ന പേരിൽ 12 ഉൽപ്പന്നങ്ങൾ അടങ്ങിയ പ്രത്യേക കിറ്റ് ലഭിക്കും. കേക്ക്, പഞ്ചസാര, തേയില, പായസം മിക്സ്, ശബരി അപ്പം പൊടി, മസാലകൾ എന്നിവ അടങ്ങിയ 667 രൂപയുടെ കിറ്റ് 500 രൂപയ്ക്ക് നൽകും. സപ്ലൈകോയുടെ പെട്രോൾ പമ്പുകളിൽ നിന്നും 250 രൂപയ്ക്ക് ഇന്ധനം നിറയ്ക്കുന്ന ഇരുചക്ര വാഹനങ്ങൾക്കും ഓട്ടോറിക്ഷകൾക്കും 1000 രൂപയ്ക്ക് മുകളിൽ ഇന്ധനം നിറയ്ക്കുന്ന മറ്റു വാഹനങ്ങൾക്കും കൂപ്പണുകൾ നൽകും. 1000 രൂപയ്ക്ക് സബ്സിഡിയിതര സാധനങ്ങൾ വാങ്ങുമ്പോൾ ഈ കൂപ്പണിന്മേൽ 50 രൂപ ഇളവ് ലഭിക്കും. ജനുവരി ഒന്നു വരെയാണ് ഫെയർ സംഘടിപ്പിക്കുന്നത്

**സൊസൈറ്റി ടുഡേ**
SOCIETY TODAY www.societytodaynews.com

ക്രിസ്തുമസ് പ്രമാണിച്ച് ഇന്ന് അവധിയായതിനാൽ നാളെ (വെള്ളി)സൊസൈറ്റി ടുഡെ ഉണ്ടായിരിക്കുന്നതല്ല.

## ബാലാവകാശ കമ്മിഷൻ സിറ്റിങ്ങ്: 36 പരാതികളിൽ പരിഹാരം

**കൊച്ചി:** ബാലാവകാശ കമ്മിഷൻ സിറ്റിങ്ങിൽ 36 പരാതികളിൽ പരിഹാരം. കാക്കനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച സിറ്റിങ്ങിൽ 54 പരാതികളാണ് പരിഗണിച്ചത്. കമ്മീഷൻ അംഗങ്ങളായ കെ.കെ. ഷാജു, ബി. മോഹൻ കുമാർ എന്നിവർ നേതൃത്വം നൽകി.

അതിഥി തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് എല്ലാവിധ നടപടികൾ സ്വീകരിക്കാൻ ബാലാവകാശ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. ഇതിനായി ജില്ലാ ഭരണകൂടവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ഒരു രൂപരേഖ തയ്യാറാക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

## ലഹരി വ്യാപനം തടയാൻ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിപുലീകരിക്കും: ജില്ല കലക്ടർ

**കൊല്ലം:** ക്രിസ്മസ്പുതുവത്സരവേളയിൽ ലഹരി വ്യാപനം തടയാൻ വിവിധ വകുപ്പുകളുടെ സംയുക്ത എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽവിപുലീകരിക്കുമെന്ന് ജില്ലാ കലക്ടർ എൻ ദേവിദാസ്. ജില്ലാതല ചാരായനിരോധന ജനകീയ നിരീക്ഷണ സമിതി യോഗത്തിൽ അധ്യക്ഷത വഹിക്കവെ അവധികാലത്ത് സ്കൂൾപരിസരം കേന്ദ്രീകരിച്ചുള്ള ലഹരി വ്യാപനം തടയാൻ പോലീസ് നിരീക്ഷണം ശക്തമാക്കുമെന്നും അറിയിച്ചു. പുതിയ പഞ്ചായത്ത് സമിതികൾ ചുമതലയേറ്റെടുത്ത പശ്ചാത്തലത്തിൽ ലഹരിവിരുദ്ധ ബോധവത്കരണം പഞ്ചായത്ത് തലത്തിൽ സുശക്തമാക്കാൻ എക്സൈസ് വകുപ്പിന് നിർദേശം നൽകി. ബോധവത്കരണ പ്രവർത്തങ്ങൾ വിപുലീകരിക്കാൻ ലഹരി വിരുദ്ധ സന്ദേശ യാത്ര നടത്തും.

നെടുങ്ങോലം ഡിഅഡിക്ഷൻ കേന്ദ്രത്തിൽ ഡോക്ടറുടെ ഒഴിവു നികത്തുന്നത് പരിഗണിക്കും. മൺറോതുരുത്തിൽ സ്വകാര്യ റിസോർട്ടുകൾ ചാരായം നിർമിക്കുന്നുവെന്ന പരാതി പരിശോധിക്കുകയാണ്. മലയോരമേഖലയിൽ നിരീക്ഷണം ശക്തമാക്കും. അന്തർസംസ്ഥാന ബസ് സർവീസുകളിൽ പോലീസ്എക്സൈസ് വകുപ്പുകളുടെ പരിശോധന കർശനമാക്കും.

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എം നൗഷാദ്, സമിതി അംഗങ്ങളായ കുരീപ്പുഴ ഷാനവാസ്, എൻ പി ഹരിലാൽ, കുരീപ്പുഴ വിജയൻ, പരിമണം ശശി, പിറവന്തൂർ ഗോപാലകൃഷ്ണൻ, തൊടിയിൽ ലുക്ക്മാൻ, പോലീസ്, എക്സൈസ്, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## കോന്നി ഫെസ്റ്റിന് തിരിതെളിഞ്ഞു

**കോന്നി:** കോന്നി കൾച്ചറൽ ഫോറം സംഘടിപ്പിക്കുന്ന 11 മത് കോന്നി ഫെസ്റ്റിന് പ്രമാടം രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ തുടക്കം കുറിച്ചു. 13 ദിവസം നീണ്ടു നിൽക്കുന്ന വ്യാപാര വിജ്ഞാന വിനോദ കലാമേളയാണ് ആരംഭിച്ചത്. കൾച്ചറൽ ഫോറം ചെയർമാൻ റോബിൻ പീറ്റർ അധ്യക്ഷത വഹിച്ചു. ചലച്ചിത്ര സീരിയൽ താരം റിയാസ് നർമകല ഉദ്ഘാടനം ചെയ്തു. എസ്. സന്തോഷ് കുമാർ, ഗിരീശൻ നായർ, ചിറ്റൂർ ശങ്കർ, ദീനാമ്മ റോയി, എം.വി അമ്പിളി, റോബിൻ മോൻസി, ജി.ശ്രീകുമാർ, കെ.വി. തോമസ്, സൗദാ റഹിം, പ്രിയ എസ്.തമ്പി, സുലേഖ വി. നായർ, എസ്.വി പ്രസന്നകുമാർ, ജോളി അജി തോമസ്, ശങ്കർ വെട്ടൂർ, ശാന്തിജൻ ചൂരക്കുന്ന്, അബ്ദുൾ സത്താർ എന്നിവർ പ്രസംഗിച്ചു.

## തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**തൊടുപുഴ:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന തൊഴിൽ അധിഷ്ഠിത സ്കിൽ ഡിപ്ലോമ കോഴ്സുകളായ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, മോണ്ടിസോറി & പ്രീപ്രൈമറി ടീച്ചർ ട്രെയിനിങ് തുടങ്ങിയ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള ഈ കോഴ്സുകളിലേക്കു എസ് എസ് എൽ സി/ പ്ലസ് ടു/ഡിഗ്രി കഴിഞ്ഞവർക്ക് അപേക്ഷിക്കാം. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് ലഭിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഫോൺ: 7994449314.

### ക്വട്ടേഷൻ ക്ഷണിച്ചു

**കോഴിക്കോട്:** നാദാപുരം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗത്തിലേക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാൻ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ പ്രിൻസിപ്പൽ, ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ്, നാദാപുരം, കോഴിക്കോട് 673506, വിഷ്ണുമംഗലം (പി.ഒ) എന്ന വിലാസത്തിൽ ജനുവരി അഞ്ചിന് വൈകിട്ട് മൂന്നിന് മുമ്പ് അയക്കണം. ഫോൺ: 04962995150




# വല്ലാർപാടത്ത് ക്രിസ്തുമസ് വിളംബരറാലി

**കൊച്ചി:** വല്ലാർപാടം ബസിലിക്കയിലെ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി ക്രിസ്തുമസ് വിളംബര റാലി സംഘടിപ്പിച്ചു. പനമ്പുകാട് സെന്റ്. ജോസഫ് ദേവാലയത്തിൽ നിന്നും ആരംഭിച്ച റാലി വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കൽ ഫ്ളാഗ് ഓഫ് ചെയ്തു. ചടങ്ങിൽ ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത് അധ്യക്ഷനായിരുന്നു. പരമ്പരാഗത കലാരൂപങ്ങൾ, ബൊമ്മകൾ, ഇരുന്നൂറിലേറേ പപ്പാഞ്ഞിമാർ, ബാൻഡ് സെറ്റ്, യൂണിഫോം വസ്ത്രധാരികൾ, ടാബ്ലോകൾ തുടങ്ങിയ കലാരൂപങ്ങൾക്കൊപ്പം ഇടവക ജനം മുഴുവൻ റാലിയിൽ അണിനിരന്നു. റാലി പനമ്പുകാട് പള്ളിയിൽ ആരംഭിച്ച് വല്ലാർപാടം ബസിലിക്കയിൽ സമാപിച്ചു. ബസിലിക്കയിൽ എത്തിയതിനു പിന്നാലെ സി ആർ പി മൂവാറ്റുപുഴ അവതരിപ്പിച്ച രണ്ടു മണിക്കൂർ നീളുന്ന മെഗാ ബാൻഡ് പെർഫോർമൻസും ഉണ്ടായിരുന്നു. വല്ലാർപാടം പാരിഷ് പാസ്ട്രൽ കൗൺസിൽ, ബിസിസി കേന്ദ്ര സമിതി, വിശ്വാസ പരിശീലന വിഭാഗം എന്നിവർ സംയുക്തമായിട്ടാണ് താര 2K25 എന്ന ആഘോ പരിപാടിയുടെ ഭാഗമായി വിളംബര റാലി സംഘടിപ്പിച്ചത്.

# തെരുവുനായ്ക്കളുടെ പുനരധിവാസം: ഷെൽട്ടറുകൾ ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ച് മൃഗക്ഷേമ പ്രവർത്തകർ

**കൊച്ചി:** ജില്ലയിലെ തെരുവുനായ്ക്കളുടെ പ്രശ്നപരിഹാരത്തിനും പുനരധിവാസത്തിനുമായി സർക്കാർ സംവിധാനങ്ങളുമായി കൈകോർക്കാൻ മൃഗക്ഷേമ പ്രവർത്തകർ സന്നദ്ധത അറിയിച്ചു. ആലുവ ഐ.സി.ഡി.പി ക്യാമ്പസിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ അധ്യക്ഷതയിൽ ചേർന്ന മൃഗക്ഷേമ പ്രവർത്തകരുടെയും സംഘടനകളുടെയും യോഗത്തിലാണ് ഈ തീരുമാനം. തെരുവുനായ്ക്കൾക്കായി ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനും അവയുടെ പരിപാലനത്തിനുമായി വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിക്കാൻ യോഗത്തിൽ പങ്കെടുത്ത 26 മൃഗക്ഷേമ പ്രവർത്തകരും പിന്തുണ പ്രഖ്യാപിച്ചു. റോട്ടറി ഇന്റർനാഷണലിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത സീജോ തോമസ് ഷെൽട്ടർ നിർമ്മാണത്തിൽ റോട്ടറിയുടെ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തു. സർക്കാർ സ്ഥലം വിട്ടുനൽകുകയാണെങ്കിൽ ഷെൽട്ടറുകളുടെ നിർമ്മാണവും നടത്തിപ്പും ഏറ്റെടുക്കാൻ തയ്യാറാണെന്ന് തൃപ്പൂണിത്തുറയിൽ നിന്നുള്ള അജയ് മേനോൻ ഉൾപ്പെടെയുള്ളവർ അറിയിച്ചു. ഫീഡേഴ്സിന് തിരിച്ചറിയൽ കാർഡ് വേണം.

തെരുവുനായ്ക്കൾക്ക് ഭക്ഷണം നൽകുന്നവർ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകളും യോഗത്തിൽ ചർച്ചയായി.

തെരുവുനായ്ക്കളുടെ ഫീഡിങ് സ്പോട്ടുകൾ കൃത്യമായി രേഖപ്പെടുത്തണം, നായ്ക്കൾക്ക് ഭക്ഷണം നൽകുന്നവർക്ക് ഔദ്യോഗികമായ തിരിച്ചറിയൽ കാർഡുകൾ അനുവദിക്കണം, എല്ലാ ഫീഡേഴ്സും റെസ്പോൺസിബിൾ ഫീഡേഴ്സ് ആയിരിക്കണം, ഭക്ഷണം നൽകുന്ന നായ്ക്കൾ കൃത്യമായി വാക്സിനേഷനും വന്ധ്യംകരണത്തിനും വിധേയമായിട്ടുണ്ടെന്ന് ഫീഡേഴ്സ് ഉറപ്പുവരുത്തണം എന്നീ നിർദേശങ്ങളും യോഗത്തിൽ ഉന്നയിക്കപ്പെട്ടു. സൗജന്യ വന്ധ്യംകരണം, റെസ്ക്യൂ ചെയ്യപ്പെടുന്ന തെരുവുനായ്ക്കളുടെ വന്ധ്യംകരണം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ സൗജന്യമായി ചെയ്യാവുന്നതാണെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ യോഗത്തിൽ അറിയിച്ചു.

# യുവ ആപ്ദ മിത്ര ക്യാമ്പിന് തുടക്കം

**കൊച്ചി:** ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ യുവ ആപ്ദ മിത്ര പദ്ധതിയുടെ ഭാഗമായി എൻ.സി.സി കേഡറ്റുകൾക്കായി സംഘടിപ്പിക്കുന്ന പ്രത്യേക പരിശീലന പരിപാടിക്ക് രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ തുടക്കമായി.

ഏലൂർ 22 എൻ.സി.സി ബറ്റാലിയൻ സംഘടിപ്പിക്കുന്ന പത്ത് ദിവസത്തെ സംയുക്ത വാർഷിക പരിശീലന ക്യാമ്പിന്റെ ഭാഗമായാണ് ഈ പരിശീലനം നടക്കുന്നത്. സേന മെഡൽ ജേതാവ് കേണൽ വിക്രാന്ത് അധികാരി ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ഭാവിയിലെ ഉത്തമ പൗരന്മാരെയും നേതാക്കളെയും വാർത്തെടുക്കുന്നതിൽ അച്ചടക്കം, കഠിനാധ്വാനം, ശാരീരിക ക്ഷമത, ദേശസ്നേഹം എന്നിവയ്ക്ക് വളരെയധികം പങ്കുണ്ട്. എൻ.സി.സി പകർന്നുനൽകുന്ന മൂല്യങ്ങൾ ജീവിതത്തിൽ പകർത്താനും ലഭിക്കുന്ന പരിശീലനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. ക്യാമ്പിന്റെ ഭാഗമായി കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലെ ഹസാർഡ് അനലിസ്റ്റ് അഞ്ജലി പരമേശ്വരൻ നയിച്ച 'കോർ ദുരന്തനിവാരണം' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. അടിയന്തര സാഹചര്യങ്ങളെ നേരിടേണ്ട രീതികൾ, ദുരന്തമുഖത്ത് യുവാക്കൾക്ക് എങ്ങനെയൊക്കെ പ്രവർത്തിക്കാം, രക്ഷാപ്രവർത്തനത്തിനുള്ള മുന്നൊരുക്കങ്ങൾ എന്നിവയെക്കുറിച്ച് കേഡറ്റുകൾക്ക് ശാസ്ത്രീയമായ അവബോധം നൽകുന്നതായിരുന്നു സെഷൻ. രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി അസിസ്റ്റന്റ് ഡയറക്ടർ റവ. ഡോ. ജോയൽ ജോർജ് പുല്ലോലിൽ സി എം ഐ, 22 കേരള ബറ്റാലിയൻ സുബേദാർ മേജർ പ്രമോദ് കുമാർ, അസോസിയേറ്റ് എൻ.സി.സി ഓഫീസർമാരായ ക്യാപ്റ്റൻ വരുൺ വി. വർഗീസ്, ലെഫ്റ്റനന്റ് ഡോ. വിഷ്ണു ശങ്കർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഡിസംബർ 19ന് ആരംഭിച്ച ക്യാമ്പ് പത്ത് ദിവസം നീണ്ടുനിൽക്കും. വിവിധ ജില്ലകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട കേഡറ്റുകൾ, എൻ.സി.സി ഉദ്യോഗസ്ഥർ, പി.ഐ സ്റ്റാഫ് എന്നിവർ ക്യാമ്പിൽ പങ്കെടുക്കുന്നുണ്ട്.

# കോട്ടയം മെഡിക്കൽ കോളേജിലെ സർജിക്കൽ ബ്ലോക്ക് ജനുവരിയിൽ ഉദ്ഘാടനം നിർവഹിക്കും

**കോട്ടയം:** മെഡിക്കൽ കോളേജിലെ സർജിക്കൽ ബ്ലോക്ക് ഉൾപ്പെടെയുള്ളവ ജനുവരി മാസത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സർജിക്കൽ ബ്ലോക്ക്, പാരാമെഡിക്കൽ ഹോസ്റ്റൽ, കാത്ത് ലാബ്, ബയോഗ്യാസ് പ്ലാന്റ്, നവീകരിച്ച ഒ.പി. വിഭാഗം, ലാക്റ്റേഷൻ യൂണിറ്റ് തുടങ്ങിയവ നിർമാണം പൂർത്തിയായി. നിലവിലുള്ള ഏഴ് ഓപ്പറേഷൻ തീയറ്ററുകൾക്ക് പുറമെ ഏഴെണ്ണം കൂടി പ്രവർത്തന സജ്ജമായിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ കൂടി പൂർത്തിയാക്കി എത്രയും വേഗം പ്രവർത്തനസജ്ജമാക്കാനാണ് ശ്രമിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ വിലയിരുത്തി. സഹകരണ വകുപ്പ് മന്ത്രി മന്ത്രി വി.എൻ വാസവൻ യോഗത്തിൽ പങ്കെടുത്തു.

മെഡിക്കൽ കോളേജിൽ നടന്നു വരുന്ന വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ മന്ത്രി വീണാ ജോർജ് നിർദേശം നൽകി. 36 കോടി രൂപയുടെ കാർഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി. 10 കോടി രൂപയുടെ ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്കിന്റെ നിർമ്മാണം നടന്നു വരുന്നു. പുതിയ മെൻസ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കാൻ നിർദേശം നൽകി. എമർജൻസി മെഡിസിനിൽ പിജി ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

നിലവിൽ ഉപയോഗിക്കാത്ത ഇ.എഫ്.ജി. ബ്ലോക്ക് പൊളിച്ചു നീക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാനും നിർദേശം നൽകി. ആശുപത്രിയിലേക്ക് വൈദ്യുതി തടസമില്ലാതെ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള 110 കെ.വി. സബ്സ്റ്റേഷന്റെ നിർമാണം സംബന്ധിച്ച് വൈദ്യുതി മന്ത്രിയെയും കിഫ്ബി പ്രതിനിധികളെയും ഉൾപ്പെടുത്തി പ്രത്യേക യോഗം ചേരാനും തീരുമാനിച്ചു. ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ.കെ.വി. വിശ്വനാഥൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, സൂപ്രണ്ട് എന്നിവരും പങ്കെടുത്തു.

# ഉത്സവകാല വിലനിയന്ത്രണത്തിന് ഇടപെടൽ: മന്ത്രി കെ എൻ ബാലഗോപാൽ

**കൊല്ലം:** ഉത്സവകാലത്തെ വിലനിയന്ത്രണത്തിന് കൺസ്യൂമർഫെഡും പൊതുവിതരണ വകുപ്പും ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയെന്നു ധനകാര്യവകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ. തൃക്കണ്ണമംഗൽ കൊട്ടാരക്കര മുനിസിപ്പൽ സർവീസ് കോഓപ്പറേറ്റീവ് ബാങ്കിൽ കൺസ്യൂമർഫെഡിന്റെ ക്രിസ്മസ്പുതുവത്സര സഹകരണവിപണിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സർക്കാർ സബ്സിഡികൾ വിപുലീകരിച്ചു. ഭക്ഷ്യഉല്പാദനത്തിൽ മുന്നിലുള്ള സംസ്ഥാനങ്ങളേക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യാൻ സർക്കാർ ലക്ഷ്യമിടുന്നുവെന്നും മന്ത്രി വ്യക്തമാക്കി.

കൊട്ടാരക്കര മുനിസിപ്പൽ കൗൺസിലർ ലീനാ ഉമ്മൻ അദ്ധ്യക്ഷയായി. ആദ്യവില്പന മന്ത്രി നിർവഹിച്ചു. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വിപണിയിലും 26 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലുമാണ് ക്രിസ്മസ്പുതുവത്സര വിപണനം.

ജയ, കുറുവ, പച്ചരി, പഞ്ചസാര, ഉഴുന്ന്, ചെറുപയർ, കടല, തുവരപ്പരിപ്പ്, വൻപയർ, മുളക്, മല്ലി, വെളിച്ചെണ്ണ എന്നിങ്ങനെ 13 നിത്യോപയോഗസാധനങ്ങൾ സർക്കാർസബ്സിഡിയോടെ പൊതുവിപണിയേക്കാൾ 30 മുതൽ 50 ശതമാനംവരെ വിലക്കുറവിൽ ത്രിവേണി സൂപ്പർമാർക്കറ്റുകളിൽ ലഭിക്കും. വിവിധ സഹകരണ സംഘങ്ങളുടെ വെളിച്ചെണ്ണയും ലഭ്യമാണ്. ജനുവരി ഒന്ന് വരെയാണ് വിപണികൾ പ്രവർത്തിക്കുക. മറ്റു ഉൽപന്നങ്ങൾക്കും 10 മുതൽ 40 ശതമാനം വരെ വിലക്കുറവുണ്ട്. ബ്രാൻഡഡ് ഉൽപന്നങ്ങളും ഓഫറിൽ ലഭ്യമാകും.

കൺസ്യൂമർഫെഡ് നേരിട്ട് വിപണിയിലിറക്കുന്ന തേയില, ആട്ട, മൈദ, റവ, അരിപ്പൊടികൾ, മസാലപ്പൊടികൾ എന്നിവയും ക്രിസ്മസ്, പുതുവത്സര കേക്കുകളും വിലക്കുറവിൽ ലഭിക്കും. റേഷൻ കാർഡ് മുഖേനയാണ് സാധനങ്ങളുടെ വിതരണം ക്രമീകരിച്ചിരിക്കുന്നത്.

കൊട്ടാരക്കര അർബൻ ബാങ്ക് ഡയറക്ടർ പി. കെ.ജോൺസൺ, കാപക്സ് ഡയറക്ടർ സി. മുകേഷ്, കൺസ്യൂമർഫെഡ് ഡയറക്ടർ. ജി. ത്യാഗരാജൻ, കൊട്ടാരക്കര മുനിസിപ്പൽ കൗൺസിലർ ബി. രാമകൃഷ്ണപിള്ള, മുനിസിപ്പൽ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് അജി മാത്യൂ, കൺസ്യൂമർ ഫെഡ് റീജിയണൽ മാനേജർ ഐ. ലൈലാമോൾ, കൊട്ടാരക്കര മുനിസിപ്പൽ കൗൺസിലർ അനിതാ ഗോപൻ, കൺസ്യൂമർ ഫെഡ് മാർക്കറ്റിംഗ് മാനേജർ ആർ. ശ്യാം, ദേവസ്വം ബോർഡ് മുൻ അംഗം സുന്ദരേശൻ, കൊട്ടാരക്കര അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ എം സുഭാഷ് തുടങ്ങിയവർ പങ്കെടുത്തു.

# ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട്: 60 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവിട്ടു

## അവയവം മാറ്റിവയ്ക്കൽ രംഗത്ത് വലിയ മാറ്റത്തിന് തുടക്കം

**തിരുവനന്തപുരം:** കോഴിക്കോട് സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷനായി 60 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവിട്ടതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പ്രൊഫസർ 14, അസോസിയേറ്റ് പ്രൊഫസർ 7, അസിസ്റ്റന്റ് പ്രൊഫസർ 39 എന്നിങ്ങനെയാണ് തസ്തികകൾ സൃഷ്ടിച്ചത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒന്നാംഘട്ട നിർമ്മാണം ഉടൻ ആരംഭിക്കും. ആദ്യ ഘട്ടത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലായിരിക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പ്രവർത്തിക്കുക. ഇതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കിഡ്നി ട്രാൻസ്പ്ലാന്റ് സർജറി, ട്രാൻസ്പ്ലാന്റ് നെഫ്രോളജി, ട്രാൻസ്പ്ലാന്റ് ഹെപ്പറ്റോളജി, ട്രാൻസ്പ്ലാന്റ് എൻഡോക്രൈനോളജി, ഹാർട്ട് & ലങ് ട്രാൻസ്പ്ലാന്റേഷൻ സർജറി, ട്രാൻസ്പ്ലാന്റ് കാർഡിയോളജി & പൾമണോളജി സർജറി, സോഫ്റ്റ് ടിഷ്യു ട്രാൻസ്പ്ലാന്റേഷൻ, കോർണിയ ട്രാൻസ്പ്ലാന്റേഷൻ, ട്രാൻസ്പ്ലാന്റ് അനസ്തേഷ്യോളജി, സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ ഹെമറ്റോളജി, ട്രാൻസ്പ്ലാന്റ് ഇമ്മ്യൂണോളജി, ട്രാൻസ്പ്ലാന്റ് ബയോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ & ഇമ്മ്യൂണോ ഹെമറ്റോളജി, റേഡിയോ ഡയഗ്നോസിസ്, പത്തോളജി, മൈക്രോബയോളജി, ട്രാൻസ്പ്ലാന്റേഷൻ റിസർച്ച്, പബ്ലിക് ഹെൽത്ത് എപ്പിഡെമിയോളജി, നഴ്സിംഗ് വിദ്യാഭ്യാസം, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നീ വിഭാഗങ്ങളിലാണ് തസ്തിക സൃഷ്ടിച്ചത്.

ഇൻസ്റ്റിറ്റ്യൂട്ടിനായി 643.88 കോടി രൂപയാണ് സർക്കാർ അനുവദിച്ചത്. അത്യാധുനിക ഉപകരണങ്ങളും സംവിധാനങ്ങളും ഉൾപ്പെടെ സജ്ജമാക്കിയാണ് ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുന്നത്. വിദഗ്ധ പരിശീലനം സിദ്ധിച്ച ഡോക്ടർമാരും ശാസ്ത്രജ്ഞരും ആരോഗ്യ പ്രവർത്തകരും ഉൾപ്പെടുന്ന ഒരു പ്രത്യേക സ്ഥാപനമായിരിക്കുമിത്. ഇതൊരു ഗവേഷണ, ചികിത്സാ, പരിശീലന മികവിന്റെ കേന്ദ്രം കൂടിയായിരിക്കും.

കിഡ്നി ട്രാൻസ്പ്ലാന്റ് സർജറി, ലിവർ ട്രാൻസ്പ്ലാന്റേഷൻ & എച്ച്പിബി സർജറി, ലങ് ട്രാൻസ്പ്ലാന്റ്, ഹെപ്പറ്റോളജി, ട്രാൻസ്പ്ലാന്റ് എൻഡോക്രൈനോളജി, ഹാർട്ട് & ട്രാൻസ്പ്ലാന്റേഷൻ സർജറി, ട്രാൻസ്പ്ലാന്റ് കാർഡിയോളജി & പൾമണോളജി, സോഫ്റ്റ് ടിഷു ട്രാൻസ്പ്ലാന്റേഷൻ, കോർണിയൽ ട്രാൻസ്പ്ലാന്റേഷൻ, ട്രാൻസ്പ്ലാന്റ് അനസ്തേഷ്യോളജി, ട്രാൻസ്പ്ലാന്റ് ക്രിട്ടിക്കൽ കെയർ, സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ & ഹെമറ്റോളജി, ട്രാൻസ്പ്ലാന്റ് ഇമ്മ്യൂണോളജി, ഇമ്മ്യൂണോജെനെറ്റിക്സ് & ട്രാൻസ്പ്ലാന്റ് ബയോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ & ഇമ്മ്യൂണോ ഹെമറ്റോളജി, റേഡിയോ ഡയഗ്നോസിസ്, ന്യൂക്ലിയർ മെഡിസിൻ, പാത്തോളജി, മൈക്രോബയോളജി, ട്രാൻസ്പ്ലാന്റേഷൻ റിസർച്ച്, ടിഷ്യു ബാങ്ക്, പബ്ലിക് ഹെൽത്ത് & എപ്പിഡെമിയോളജി, നഴ്സിംഗ് വിദ്യാഭ്യാസം, ആശുപത്രി അഡ്മിനിസ്ട്രേഷൻ തുടങ്ങിയ വിവിധ വിഭാഗങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടാകുക.

# പക്ഷിപ്പനി മനുഷ്യരിൽ പകരാതിരിക്കാൻ ജാഗ്രത പാലിക്കണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** കോട്ടയം, ആലപ്പുഴ ജില്ലകളിലെ ചില ഭാഗങ്ങളിൽ പക്ഷിപ്പനി (എച്ച്5 എൻ1) റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. കേരളത്തിൽ പക്ഷിപ്പനി ഇതുവരെ മനുഷ്യരെ ബാധിച്ചിട്ടില്ലെങ്കിലും മുൻ കരുതലുകൾ ആവശ്യമാണെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഫീൽഡ് തലത്തിൽ ജാഗ്രത പാലിക്കണം. ആരോഗ്യ വകുപ്പ് നൽകുന്ന മാർഗനിർദേശങ്ങൾ എല്ലാവരും പാലിക്കണം. സംസ്ഥാനത്ത് പക്ഷിപ്പനി സംബന്ധിച്ച് ആരോഗ്യ വകുപ്പ് പ്രത്യേക മാർഗനിർദേശങ്ങളും (എസ്.ഒ.പി.), സാങ്കേതിക മാർഗനിർദേശങ്ങളും പുറത്തിറക്കിയിട്ടുണ്ട്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴ, കോട്ടയം ജില്ലകളിലെ പരിശീലനം സിദ്ധിച്ച വൺ ഹെൽത്ത് കമ്മ്യൂണിറ്റി വോളന്റിയർമാരുടെ നേതൃത്വത്തിൽ സാമൂഹിക അവബോധം ശക്തിപ്പെടുത്താനും പ്രതിരോധ നടപടികൾ സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി.

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ജില്ലാതല കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്. മരുന്നുകളും പിപിഇ കിറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ സാമഗ്രികളും ഉറപ്പാക്കാൻ നിർദേശം നൽകി. രോഗബാധിത പ്രദേശങ്ങളിലുള്ളവരിലെ പനിയും മറ്റ് രോഗലക്ഷണങ്ങളും ആരോഗ്യ വകുപ്പ് പ്രത്യേകം നിരീക്ഷണം നടത്തി വരുന്നു. ശക്തമായ ശരീര വേദന, പനി, ചുമ, ശ്വാസംമുട്ട് എന്നീ രോഗ ലക്ഷണങ്ങളോടെ എത്തുന്നവരെ പ്രത്യേകം നിരീക്ഷിക്കും. പക്ഷികളിൽ ഉണ്ടാകുന്ന അസ്വാഭാവിക മരണങ്ങൾ മൃഗസംരക്ഷണ വകുപ്പിനെ അറിയിക്കേണ്ടതാണ്. മറ്റ് രാജ്യങ്ങളിൽ സസ്തനികളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുണ്ടെങ്കിലും കേരളത്തിൽ ഇതുവരെ അത്തരം കേസ് റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാൽ സസ്തനികളിലും പെട്ടെന്നുള്ള മരണമുണ്ടായാൽ ബന്ധപ്പെട്ടവരെ വിവരം അറിയിക്കേണ്ടതാണ്. ചത്ത പക്ഷികളെയോ രോഗം ബാധിച്ചവയെയോ കൈകാര്യം ചെയ്യരുത്. നന്നായി പാചകം ചെയ്ത മാംസവും മുട്ടയും മാത്രം ഉപയോഗിക്കുക.

പക്ഷികളുടെ പച്ചമാംസം, കാഷ്ഠം (വളത്തിനും മറ്റും) കൈകാര്യം ചെയ്യുന്നവർക്ക് റിസ്ക് കൂടുതലായതിനാൽ മാസ്കുകൾ, കൈയുറകൾ തുടങ്ങിയ സുരക്ഷാ മാർഗങ്ങൾ ഉപയോഗിക്കുക. തൊഴിലിന്റെ ഭാഗമായി പച്ച മാംസം കൈകാര്യം ചെയ്യുന്നവർ തീർച്ചയായും മാസ്ക് ധരിക്കണം. പച്ച മാസം ഒരു കാരണവശാലും കഴിക്കരുത്.

### പക്ഷിപ്പനി

**ആരോഗ്യവകുപ്പ് മാർഗനിർദേശങ്ങൾ**

പക്ഷികളെ ബാധിക്കുന്നതും അവയിൽ നിന്ന് മനുഷ്യരിലേക്ക് പകരാനും സാധ്യതയുള്ള വൈറസ് രോഗമാണ് പക്ഷിപ്പനി അഥവാ ഏവിയൻ ഇൻഫ്ളുവൻസ.

കോഴി, താറാവ്, കാട, വാത്ത, ടർക്കി തുടങ്ങിയ എല്ലാ പക്ഷികളെയും രോഗം ബാധിക്കാം. കേരളത്തിൽ ഇതുവരെ രോഗം മനുഷ്യരെ ബാധിച്ചതായി കണ്ടെത്തിയിട്ടില്ലെങ്കിലും രോഗബാധയേറ്റ പക്ഷികളുമായി അടുത്ത സമ്പർക്കം പുലർത്തുന്നവർ, പരിപാലിക്കുന്നവർ, വളർത്ത് പക്ഷികളുമായി അടുത്തിടപഴകുന്നവർ എന്നിവർക്ക് രോഗം ബാധിക്കുന്നത് തടയാൻ പൂർണമായ ജാഗ്രത പുലർത്തേണ്ടതുണ്ട്.

**പക്ഷികളിലെ രോഗലക്ഷണങ്ങൾ**

കൂടുതലായി തൂവൽ കൊഴിയുക, കട്ടി കുറഞ്ഞ തോടോടു കൂടിയ മുട്ട ഇടുക, ഇടുന്ന മുട്ടകളുടെ എണ്ണം കുറയുക, മന്ദത, തീറ്റ കഴിക്കാൻ മടികാണിക്കുക, പൂവ്, കൊക്ക്, ആട തുടങ്ങിയ ഇടങ്ങളിൽ നീല നിറം കാണുക, വയറിളക്കം, കൺപോളകളിലും തലയിലും നീർക്കെട്ടുണ്ടാവുക, മൂക്കിൽനിന്ന് രക്തം കലർന്ന സ്രവം വരിക, ശ്വാസതടസ്സം, നടക്കാനും നിൽക്കാനുമുള്ള ബുദ്ധിമുട്ട്, ശരീരത്തിൽ സൂചിപ്പാടുകൾ പോലുള്ള രക്തസ്രാവം, ശ്വാസം മുട്ടൽ എന്നിവയാണ് രോഗലക്ഷണങ്ങൾ.

### മനുഷ്യരിലെ പ്രതിരോധമാർഗങ്ങൾ

- രോഗബാധയുണ്ടെന്നു സംശയിക്കുന്ന പക്ഷികളെ കൈകാര്യം ചെയ്യുന്നവർ കയ്യുറ, മാസ്ക്, എന്നിവ ധരിക്കുകയും കൈകൾ കൃത്യമായി സോപ്പും വെള്ളവും ഉപയോഗിച്ച് അടിക്കടി കഴുകുകയും ചെയ്യണം.

- പനി ബാധിച്ചാൽ ആരോഗ്യപ്രവർത്തകരെ വിവരം അറിയിക്കുകയും വിദഗ്ധ ചികിത്സ തേടുകയും ചെയ്യണം.

- ചത്തുപോയ പക്ഷികൾ, അവയുടെ മുട്ട, കാഷ്ഠം തുടങ്ങിയവ ആഴത്തിൽ കുഴിച്ചുമൂടുകയോ കത്തിച്ചുകളയുകയോ ചെയ്യണം

- രോഗം ബാധിക്കാത്ത സ്ഥലങ്ങളിലെ പക്ഷികളുടെ ഇറച്ചി നന്നായി വേവിച്ച് കഴിക്കാവുന്നതാണ്, മുട്ട പുഴുങ്ങിയും കഴിക്കാം. എന്നാൽ പകുതി പുഴുങ്ങി കഴിക്കുന്നത് ഒഴിവാക്കണം

# ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം 22,700 പേർക്കുകൂടി

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ഭിന്നശേഷിക്കാരുടെ പരിചാരകരായ 22700 പേർക്കുകൂടി നൽകുമെന്ന് മന്ത്രി ആർ ബിന്ദു വാർത്താസമ്മേളനത്തിൽ അറിയിച്ചു. 2018 ഏപ്രിൽ 1 മുതൽ അപേക്ഷിച്ചിട്ടുള്ള ഈ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പ്രതിമാസം 600 രൂപ വീതം ഇവർക്ക് ലഭ്യമാക്കും. ഭിന്നശേഷി സമൂഹത്തോടുള്ള സാമൂഹ്യ ഉത്തരവാദിത്വത്തിന്റെ ഭാഗമായാണ് പദ്ധതിയുടെ ആനുകൂല്യം ഇത്രയും പേരിലേക്കു കൂടി സർക്കാർ വ്യാപിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർ, മാരക രോഗം ബാധിച്ച് പൂർണ്ണമായും കിടപ്പിലായവർ തുടങ്ങിയവരിൽ ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ അവസ്ഥയിലുള്ള ആളുകളെ പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖാന്തിരം നടപ്പാക്കിവരുന്ന ഈ പദ്ധതിയിൽ നിലവിൽ ഇരുപത്തയ്യായിരത്തോളം ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിവരുന്നത്. നിലവിലെ ഗുണഭോക്താക്കൾക്ക് 2025 ഒക്ടോബർ വരെയുള്ള മുഴുവൻ സഹായവും നൽകിക്കഴിഞ്ഞതായും നവംബർ മാസത്തെ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നതായും മന്ത്രി പറഞ്ഞു. ഭിന്നശേഷിക്കാരുടെ പരിചാരകരും, പ്രായാധിക്യമുൾപ്പെടെയുള്ള കാരണങ്ങളാൽ കിടപ്പുരോഗികളായവരുടെ പരിചാരകരും അടക്കമുള്ള അപേക്ഷകളിൽനിന്നും, ഭിന്നശേഷിക്കാരുടെ പരിചാരകരായ മുഴുവൻ അർഹരായ അപേക്ഷകർക്കും ധനസഹായം എത്തിക്കും. ഭിന്നശേഷിക്കാരായവരുടെ പരിചാരകരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചശേഷം 2018 ഏപ്രിൽ 1 മുതൽ അപേക്ഷിച്ചിട്ടുള്ള മറ്റു വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്കും ആനുകൂല്യം അനുവദിക്കുന്ന കാര്യം സജീവമായി പരിഗണിക്കുമെന്ന് മന്ത്രി പറഞ്ഞു.

# കേരളത്തിലെ ആദ്യ സ്കിൻ ബാങ്കിൽ ആദ്യ സ്കിൻ പ്രോസസിംഗ് തുടങ്ങി

## പൊള്ളലേറ്റവർക്ക് ലോകോത്തര നൂതന ചികിത്സാ സംവിധാനം

**തിരുവനന്തപുരം:** കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സജ്ജമാക്കിയ സ്കിൻ ബാങ്കിൽ ആദ്യ ചർമ്മത്തിന്റെ പ്രോസസിംഗ് ആരംഭിച്ചു. പ്രത്യേക താപനിലയിലും സംവിധാനത്തിലുമാണ് ചർമ്മം സംരക്ഷിക്കുന്നത്. മൂന്ന് ആഴ്ചത്തെ കെമിക്കൽ പ്രോസസിംഗിന് ശേഷം അത്യാവശ്യമുള്ള രോഗികൾക്ക് പ്ലാസ്റ്റിക് സർജറിയിലൂടേയും നൂതന സാങ്കേതികവിദ്യയോടെയും ചർമ്മം വച്ച് പിടിപ്പിക്കുന്നു. അപകടത്താലും പൊള്ളലേറ്റും ചർമ്മം നഷ്ടപ്പെട്ടവർക്ക് ജീവൻ നിലനിർത്താൻ ഇത് അത്യാവശ്യമാണ്. പുതിയ ചർമ്മം പരിക്കേറ്റ ഭാഗത്ത് ഒരു കവചം നൽകുന്നു. മാത്രമല്ല അണുബാധ കുറയ്ക്കാനും വേദന കുറയ്ക്കാനും ധാതുനഷ്ടവും ലവണ നഷ്ടവും കുറയ്ക്കാനും സാധിക്കുന്നു.

അപകടത്താലും പൊള്ളലേറ്റും ചർമ്മം നഷ്ടപ്പെട്ടവർക്ക് ലോകോത്തര ചികിത്സ ഉറപ്പ് വരുത്താനാണ് സ്കിൻ ബാങ്ക് സജ്ജമാക്കിയതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

6.75 കോടി ചെലവഴിച്ചാണ് ബേൺസ് യൂണിറ്റിനോടൊപ്പം സ്കിൻ ബാങ്ക് സജ്ജമാക്കിയത്. ഇക്കഴിഞ്ഞ സെപ്റ്റംബറിലാണ് സ്കിൻ ബാങ്കിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചത്. കോട്ടയം മെഡിക്കൽ കോളേജിൽ കൂടി സ്കിൻ ബാങ്ക് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായും മന്ത്രി പറഞ്ഞു.

അവയവദാനത്തിൽ പലരും ചർമ്മം നൽകാൻ മടിച്ചതാണ് ചർമ്മം ലഭിക്കാൻ ഇത്രയേറെ വൈകിയത്. മൃതദേഹത്തിന് ഒരു വൈരൂപ്യവും ഉണ്ടാക്കാത്ത രീതിയിലാണ് ചർമ്മം എടുക്കുന്നത്. തുടയുടെ പുറകിൽ നിന്നും ഉൾപ്പെടെ പുറത്ത് കാണാൻ സാധിക്കാത്ത ഭാഗങ്ങളിൽ നിന്നാണ് ചർമ്മം എടുക്കുന്നത്. മസ്തിഷ്ക മരണം സംഭവിച്ച കൊല്ലം ചിറയ്ക്കര ഇടവട്ടം സ്വദേശി എസ്. ഷിബുവിന്റെ (46 വയസ്) ബന്ധുക്കൾ തീവ്രദുഃഖത്തിലും എടുത്ത തീരുമാനമാണ് നിർണായകമായത്. പ്ലാസ്റ്റിക് സർജറി വിഭാഗത്തിലെ ഡോ. പ്രേംലാലിന്റെ നേതൃത്വത്തിലുള്ള ടീമാണ് ചർമ്മം ഹാർവെസ്റ്റ് ചെയ്തത്. ഇത് ചർമ്മത്തിന്റെ കേടുപാടനുസരിച്ച് ഒന്നോ അതിലധികം ആൾക്കാർക്കോ വച്ച് പിടിപ്പിക്കാൻ സാധിക്കും.

ശരീരത്തിലെ പൊള്ളലേറ്റ ഭാഗങ്ങൾ മാറ്റിവെയ്ക്കുന്നതിനായി ദാതാക്കളിൽ നിന്ന് ശേഖരിക്കുന്ന ചർമ്മം സൂക്ഷിക്കുന്ന ഇടമാണ് സ്കിൻ ബാങ്ക്. പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ബേൺസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. മെഡിക്കൽ കോളേജുകളിലെ ബേൺസ് ഐസിയുവിൽ സജ്ജമാക്കിയ തീവ്ര പരിചരണ സംവിധാനത്തിലൂടെ അണുബാധയേൽക്കുന്നത് പരമാവധി കുറയ്ക്കാനും എത്രയും വേഗം രോഗിക്ക് ആശ്വാസം ലഭിക്കാനും ജീവിതത്തിലേക്ക് മടക്കി കൊണ്ടു വരുവാനും സഹായിക്കുന്നു.

10 ശതമാനത്തിലധികം പൊള്ളലേറ്റ രോഗികൾക്കുള്ള വിദഗ്ധ ചികിത്സയാണ് ബേൺസ് ഐസിയുവിലൂടെ നൽകുന്നത്.

# പൊതുവിദ്യാലയങ്ങൾ മറ്റ് സ്കൂളുകൾക്ക് മാതൃകയെന്ന് വി.ശിവൻകുട്ടി

**തിരുവനന്തപുരം:** സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സ്കൂൾ അന്തരീക്ഷവും പഠനവും മികവുറ്റതാക്കാൻ നിരവധി പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും ഇവയിൽ പലതും മറ്റ് സ്കൂളുകൾക്ക് മാതൃകയാണെന്നും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി. പൊതുവിദ്യാഭ്യാസ മേഖലയിലെ മികവുകൾ പങ്കുവെയ്ക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ സംഘടിപ്പിക്കുന്ന ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോയുടെ നാലാം സീസണിന്റെ മുദ്രാഗാനം പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു ശിവൻകുട്ടി. പഠനത്തിനു പുറമേ ശാരീരികവും മാനസികവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ സ്കൂളുകൾ നൽകുന്ന പിന്തുണയുടെ പരിശോധനയാണ് ഹരിത വിദ്യാലയം റിയാലിറ്റി ഷോ. സ്കൂളുകൾ നടത്തുന്ന ക്രിയാത്മകവും മാതൃകാപരവുമായ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും അത് മറ്റു വിദ്യാലയങ്ങൾക്ക് കൂടി പങ്കുവെച്ച് പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയുമാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം. സ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങളെ ജനങ്ങൾക്കറിയാനുള്ള അവസരം കൂടിയാണിതെന്നും അതുകൊണ്ട് വളരെ ഗൗരവത്തോടെയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഈ റിയാലിറ്റി ഷോയെ കാണുന്നതെന്നും ശിവൻകുട്ടി വ്യക്തമാക്കി. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സ്കൂളുകൾ ഇന്ന് മികവിന്റെ കേന്ദ്രങ്ങളായി ഷോയുടെ ഭാഗമായി എത്തിയിട്ടുണ്ട്. കഠിനമായ പ്രവർത്തനത്തിലൂടെയാണ് അവരത് നേടിയെടുത്തത്. ഹരിതവിദ്യാലയം ഒന്നാം സീസണുവേണ്ടി ഒ.എൻ.വി കുറുപ്പ് രചിച്ച് ഐസക് തോമസ് കൊട്ടുകാപ്പള്ളി സംഗീതം നൽകിയ മുദ്രാഗാനത്തിന്റെ പുതിയ ആവിഷ്കാരമാണ് പ്രകാശനം ചെയ്തത്. വിജയ് യേശുദാസും ശ്വേതാ മോഹനും ചേർന്ന് ആലപിച്ച മൺതരി തൊട്ട് മഹാകാശം വരെ എന്ന് തുടങ്ങുന്ന മുദ്രാഗാനത്തിന്റെ ദൃശ്യാവിഷ്കാരം നടത്തിയിരിക്കുന്നത് കൈറ്റ് വിക്ടേഴ്സാണ്. കുട്ടികൾക്ക് ഉപയോഗിക്കേണ്ട ഐസിടി ഉപകരണങ്ങളാണ് ഇത്തവണ സമ്മാനമായി നൽകുക. ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സമ്മാനം നേടുന്നവർക്ക് 7 ലക്ഷം രൂപയുടെയും രണ്ടാം സ്ഥാനക്കാർക്ക് 5.28 ലക്ഷം രൂപയുടെയും മൂന്നാം സ്ഥാനക്കാർക്ക് 3.52 ലക്ഷത്തിന്റെയും ഉപകരണങ്ങൾ നൽകും.

# ടൂറിസം പദ്ധതികൾ അതിവേഗം പൂർത്തീകരിക്കും

**കോഴിക്കോട്:** ജില്ലയിലെ ടൂറിസം പദ്ധതികളുടെ പ്രവൃത്തികൾ അതിവേഗം പൂർത്തീകരിക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. ടൂറിസം പദ്ധതികളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിങ്ങിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

വൈക്കം മുഹമ്മദ് ബഷീർ സ്മാരകം ബഷീർ ദിനത്തോടനുബന്ധിച്ച് നാടിന് സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ബേപ്പൂർ ടൂറിസം വികസനം, കടലുണ്ടികല്ലംപാറ പാലം ഫുഡ് സ്ട്രീറ്റ്, സരോവരം ബയോപാർക്ക് നവീകരണം, മാലിക് ദിനാർ മസ്ജിദ് നവീകരണം, മാനാഞ്ചിറ ഫൗണ്ടൻ നിർമാണം, തളി ക്ഷേത്രം ഫസാഡ് ലൈറ്റിങ്, ശ്രീകണ്ഠേശ്വരം ക്ഷേത്രം സൗന്ദര്യവത്കരണം, കടലുണ്ടി ഫ്ളോട്ടിങ് റെസ്റ്റോറന്റിനായി റിവർ ഫ്രണ്ട് വികസനം, നല്ലൂർ ശിവക്ഷേത്രം നവീകരണം, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിട നിർമാണം, മാനാഞ്ചിറഅൻസാരി പാർക്ക് വികസനം തുടങ്ങി ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി യോഗം വിലയിരുത്തി.

ഏറ്റെടുത്ത പദ്ധതികളിൽ ഭൂരിഭാഗവും പൂർത്തീകരണഘട്ടത്തിലാണെന്ന് കരാറെടുത്ത യു.എൽ.സി.സി.എസ് പ്രതിനിധികൾ അറിയിച്ചു. ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പ്രദീപ് ചന്ദ്രൻ, ഡി.ടി.പി.സി സെക്രട്ടറി ഡോ. ടി. നിഖിൽ ദാസ്, യു.എൽ.സി.സി.എസ് ചെയർമാൻ രമേശൻ പാലേരി, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മാനാഞ്ചിറ സ്ക്വയറിൽ മ്യൂസിക് ഫൗണ്ടെയ്ൻ ആരംഭിക്കും

**കോഴിക്കോട്:** മാനാഞ്ചിറ സ്ക്വയറിൽ എത്തുന്നവർക്ക് എല്ലാ ദിവസവും ആസ്വദിക്കാവുന്ന തരത്തിൽ മ്യൂസിക് ഫൗണ്ടെയ്ൻ ആരംഭിക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. ക്രിസ്മസ്, പുതുവത്സര ആഘോഷങ്ങൾക്ക് തുടക്കമിട്ട് മാനാഞ്ചിറ സ്ക്വയറിൽ ഒരുക്കിയ ദീപാലങ്കാരങ്ങളുടെ സ്വിച്ച് ഓൺ നിർവഹിക്കുകയായിരുന്നു മന്ത്രി. കോഴിക്കോട് നഗരത്തിലെ പ്രധാനപ്പെട്ട 12 റോഡുകൾ വീതി കൂട്ടി നവീകരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചതായും മന്ത്രി പറഞ്ഞു. പുതുവത്സര സമ്മാനമായി മലാപ്പറമ്പ് മാനാഞ്ചിറ റോഡ് നഗരത്തിന് സമർപ്പിക്കും. സഞ്ചാരികൾക്ക് നഗരഹൃദയത്തിലൂടെ സഞ്ചരിക്കാനാവുന്ന രീതിയിൽ കനോലി കനാലിന്റെ സാധ്യതകളെ പൂർണ്ണമായി ഉപയോഗപ്പെടുത്തും. കനോലി കനാലിന്റെ ആഴം കൂട്ടാനും യാത്രാ ചരക്ക് ഗതാഗതം ഉൾപ്പെടെ സാധ്യമാവുന്ന നിലയിലേക്ക് നിലവിലുള്ള ചെറിയ പാലങ്ങൾ പൊളിച്ചു ഉയരത്തിലാക്കി വാട്ടർ ട്രാൻസ്പോർട്ടിങ് സൗകര്യം ഉറപ്പുവരുത്തി മാറ്റാനുമുള്ള പ്രവർത്തനം 2026ൽ ആരംഭിക്കും. ഈ പ്രവർത്തനങ്ങളെല്ലാം സാധ്യമായാൽ കാലിക്കറ്റ് ന്യൂ കാലിക്കറ്റ് ആയി മാറുമെന്നും മന്ത്രി പറഞ്ഞു.

പുതുവത്സരാഘോഷത്തിന് മന്ത്രി കേക്ക് മുറിച്ച് തുടക്കം കുറിച്ചു. ചടങ്ങിൽ മന്ത്രി എ കെ ശശീന്ദ്രൻ മുഖ്യാതിഥിയായി. അഹമ്മദ് ദേവർകോവിൽ എംഎൽഎ അധ്യക്ഷനായി.

ഇലൂമിനേറ്റിങ് ജോയ്, സ്പ്രെഡിങ് ഹാർമണി എന്ന ആശയത്തിൽ വിനോദസഞ്ചാര വകുപ്പ് ഒരുക്കുന്ന ലൈറ്റ് ഷോ ജനുവരി രണ്ടുവരെ തുടരും. ഉയർന്ന കമാനാകൃതിയിലുള്ള നടപ്പാത സൃഷ്ടിക്കുന്ന ടണൽ ഓഫ് ലൈറ്റ്സ്, ചുവപ്പ്, സ്വർണ നിറങ്ങളിലുള്ള ദി ജയന്റ് ഡ്രാഗൺ എന്നിവ ലൈറ്റ് ഷോയിലെ മുഖ്യ ആകർഷണങ്ങളാണ്. ഇൻസ്റ്റലേഷൻ മാതൃകയിലുള്ള ദി ക്രിസ്റ്റൽ ഫോറസ്റ്റ്, വലിയ മരങ്ങളിലെ ദീപാലങ്കാരമായ ദി ഇല്യൂമിനേറ്റഡ് ട്രീ ഏരിയ തുടങ്ങിയവയും മറ്റു വ്യത്യസ്തങ്ങളായ രൂപങ്ങളും വെളിച്ചത്തിൽ തെളിഞ്ഞു. മാതൃകകൾക്കു പുറമെ, മാനാഞ്ചിറക്കു ചുറ്റുമുള്ള മരങ്ങളും നടപ്പാതകളുടെ വശങ്ങളുമെല്ലാം ദീപങ്ങളാൽ അലംകൃതമാണ്.

തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ, വാർഡ് കൗൺസിലർ സാറ ജാഫർ, സിറ്റി പോലീസ് കമ്മീഷണർ ടി നാരായണൻ, കെടിഐഎൽ ചെയർമാൻ എസ് കെ സജീഷ്, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് പി നിഖിൽ, എഴുത്തുകാരി കെ പി സുധീര, സ്വാമി നരസിംഹാനന്ദ, ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പ്രദീപ് ചന്ദ്രൻ, ഡിടിപിസി സെക്രട്ടറി ഡോ. ടി നിഖിൽ ദാസ്, കൺസ്യൂമർഫെഡ് മുൻ ചെയർമാൻ എം മെഹബൂബ്, തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.



# കൊച്ചി ബിനാലെയിലെ ഹീലിംഗ് റൂം: കലാസൃഷ്ടി പകരുന്ന ശാന്തത പഞ്ചേന്ദ്രിയങ്ങളാൽ അനുഭവിക്കാം

**കൊച്ചി:** കൽക്കണ്ടം നിറച്ച ഒരു മൺപാത്രമാണ് കൊച്ചിമുസിരിസ് ബിനാലെ 2025 ലെ ആസ്പിൻവാൾ ഹൗസിലെ ഡയറക്ടേഴ്സ് ബംഗ്ലാവിലെ അബുൾ ഹിഷാമിന്റെ കലാസൃഷ്ടിയിലേക്ക് സന്ദർശകരെ സ്വാഗതം ചെയ്യുന്നത്. എന്നാൽ ഹീലിംഗ് റൂമിന്റെ അനുഭവം നുകരണമെങ്കിൽ സന്ദർശകർ ആദ്യം തലയൊന്നു കുനിക്കണം. കാരണം, അർദ്ധവൃത്താകൃതിയിലുള്ള ഇതിന്റെ പ്രവേശന കവാടം അൽപ്പം താഴ്ന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ സൃഷ്ടിയുടെ ഇടത്തിനുള്ളിലേക്ക് കടന്നാൽ, ഉയർന്ന മേൽക്കൂരയുള്ള ചതുരാകൃതിയിലുള്ള മുറിയും, പെട്ടെന്ന് ശാന്തത പകരുന്ന രീതിയിൽ വിവിധ രൂപങ്ങളിൽ കൊത്തിയെടുത്ത് ക്രമീകരിച്ചിരിക്കുന്ന ഇരുണ്ട തവിട്ടു നിറമുള്ള തൂണുകളും കാണാം.

ചിത്രകലയും ശിൽപ്പകലയും സമന്വയിപ്പിക്കുന്ന ഹീലിംഗ് റൂം, കാഴ്ച, രുചി, ഗന്ധം, സ്പർശം, കേൾവി എന്നീ പഞ്ചേന്ദ്രിയങ്ങളെ അനുഭവവേദ്യമാക്കുന്നു. പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന മുറികളിൽ രണ്ടാമത്തേതിൽ ചിത്രങ്ങളും മൂന്നാമത്തേതിൽ നിരത്തിവെച്ചിരിക്കുന്ന ടെറാക്കോട്ട കുഴലുകളുമാണുള്ളത്. ജലധാര പോലെ പ്രവർത്തിക്കുന്ന ഇവയിൽ നിന്നുള്ള വെള്ളത്തിന്റെ ഒഴുക്ക് സന്ദർശകർക്ക് നേരിയ തണുപ്പ് പകരുന്നു. ഒപ്പം കാശ്മീരി ഔദിന്റെ സുഗന്ധവും അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്നുണ്ട്. വിവിധ തരം അത്തറുകളെക്കുറിച്ചുള്ള നീണ്ട ഗവേഷണത്തിന് ശേഷമാണ് ഈ സൃഷ്ടിയിലേക്കെത്തിയതെന്ന് ആംസ്റ്റർഡാം ആസ്ഥാനമായി പ്രവർത്തിക്കുന്ന, തൃശൂർ സ്വദേശിയായ ഈ 38കാരൻ പറഞ്ഞു. അബുളിന്റെ സൃഷ്ടിയിലെ ഉയരമുള്ള കൊത്തുപണികൾ ശിൽപ്പകലയുടെയും ചിത്രരചനയുടെയും മിശ്രണമാണ്. വെള്ള മേൽക്കൂരയിൽനിന്ന് തൂങ്ങിനിൽക്കുന്ന ചില തൂണുകൾ ഇളം ബീജ് നിറമുള്ള തറയിൽ സ്പർശിക്കാതെ നിൽക്കുന്നു. ജീവിതത്തിൽ ആഗ്രഹിക്കുന്നതെല്ലാം പൂർണ്ണതയിലെത്തില്ല എന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ബിനാലെ പ്രതിഷ്ഠാപനങ്ങൾ ഒരുക്കാൻ കൊച്ചിയിലെത്തിയ ശേഷം വാങ്ങിയ പൈൻ തടിയാണ് സൃഷ്ടിക്കായി ഉപയോഗിച്ചിരിക്കുന്നത്. കൊത്തുപണികൾക്ക് അനുയോജ്യമായ മൃദുവായ പ്രതലമാണ് പൈൻ തെരഞ്ഞെടുക്കാൻ കാരണം. തൃശൂർ ഫൈൻ ആർട്സ് കോളേജിലും ഹൈദരാബാദ് എസ്എൻ സ്കൂൾ ഓഫ് ആർട്ടിലും പഠനം പൂർത്തിയാക്കിയ അബുൾ, 2021ൽ രണ്ടു വർഷത്തെ റെസിഡൻസി പ്രോഗ്രാമിനായി നെതർലൻഡ്സിലെത്തുകയും ശേഷം റെംബ്രാൻഡ് മ്യൂസിയം പ്രൊജക്റ്റുമായി അവിടെത്തന്നെ തുടരുകയും ചെയ്യുന്നു.

## തോമസ് ബെർലിക്ക് മരണാനന്തര ബഹുമതി നൽകണം

**കൊച്ചി:** ഹോളിവുഡ് സിനിമകളിലെ മലയാളി നിറസാന്നിധ്യമായിരുന്ന തോമസ് ബെർളി കുരിശിങ്കൽ അന്തരിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും അദ്ദേഹത്തെ സംസ്ഥാന സർക്കാർ ആദരിക്കാൻ തയ്യാറായിട്ടില്ലയെന്നത് വലിയ പോരായ്മയാണെന്ന് കൊച്ചിയിൽ ചേർന്ന കേരള ലാറ്റിൻ കാത്തലിക് കൗൺസിൽ സംസ്ഥാന സമിതി അഭിപ്രായപ്പെട്ടു. നടൻ, സംവിധായകൻ നിർമ്മാണം, കഥ, തിരക്കഥ, സംവിധാനം തുടങ്ങിയവ ചെയ്തിട്ടുമുണ്ട്. ജീവിച്ചിരിക്കുമ്പോഴോ 2024ൽ മരിച്ച സമയത്തോ അദ്ദേഹത്തെ അംഗീകരിക്കുവാൻ സംസ്ഥാന സർക്കാരോ സിനിമാ സംഘടനകളോ തയ്യാറായിട്ടില്ല. ലത്തീൻ കത്തോലിക്ക സമുദായാചാര്യൻ ഷെവലിയർ കെ ജെ ബെർളിയുടെ മകൻ കൂടിയായ അദ്ദേഹത്തെ ഈ വൈകിയ വേളയിലെങ്കിലും മരണാനന്തര ബഹുമതി നൽകി സർക്കാർ അംഗീകരിക്കുവാൻ തയ്യാറാകണമെന്ന് കെ എൽ സി സി ആവശ്യപ്പെട്ടു. പ്രസിഡന്റ് ഇ ആർ ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജോസഫ് വെളിവിൽ, സ്റ്റാൻലി പൗലോസ്, വി ജെ പൈലി, പീറ്റർ കെ ജെ, ലോനൻ ജോയ്, ആൻറണി മുക്കത്ത്, ജേക്കബ് ചിറമ്മേൽ, ജേക്കബ് വാടേൽ, ജെയ്സൺ വേലിക്കകത്ത്, ജോൺ ചെല്ലാനം തുടങ്ങിയവർ സംസാരിച്ചു.

## എംഎസ്എംഇ മേഖലയ്ക്കായി ഡിജിറ്റൽ മർച്ചന്റ് കാഷ് അഡ്വാൻസ് അവതരിപ്പിച്ച് ആക്സിസ് ബാങ്ക്

**കൊച്ചി:** കാഷ് ഫ്ളോയുടെ അടിസ്ഥാനത്തിലുള്ള വായ്പയുടെ രീതിയിൽ ചെറുകിട ഇടത്തരം സൂക്ഷ്മ സംരംഭങ്ങൾക്കായി ആക്സിസ് ബാങ്ക് ഡിജിറ്റൽ മർച്ചന്റ് കാഷ് അഡ്വാൻസ് വായ്പകൾ അവതരിപ്പിച്ചു. സുരക്ഷിതമല്ലാത്ത വിഭാഗത്തിൽ പെട്ട രണ്ടു ലക്ഷം രൂപ മുതൽ 20 ലക്ഷം രൂപ വരെയുള്ള വായ്പകളാവും ഇതിലൂടെ കച്ചവടക്കാർക്കു ലഭിക്കുക. ചെറിയ കടകൾക്ക് എളുപ്പത്തിൽ വായ്പ ലഭ്യമാക്കുകയും ഓരോ ദിവസത്തേയും ഇടപാടുകളിൽ നിന്നുള്ള പണമുപയോഗിച്ചു തിരിച്ചടക്കുകയും ചെയ്യുകയായിരിക്കും ഇതിലൂടെ അവർക്കു സാധ്യമാകുക. പൂർണമായും ഡിജിറ്റൽ രീതിയിലാവും ഈ സേവനം. വായ്പയുടെ ഭാഗമായി ആക്സിസ് ബാങ്കിന്റെ കറന്റ് അക്കൗണ്ട് സേവനവും ഉപഭോക്താക്കൾക്കു ലഭ്യമാകും. തിരിച്ചടവുകൾ ഓട്ടോമാറ്റിക് ആയി പ്രതിദിന തവണകളായി ശേഖരിക്കും. സുഗമമായ ഡിജിറ്റൽ സേവനങ്ങളിലൂടെ തൽക്ഷണ വായ്പകളും കറന്റ് അക്കൗണ്ടുമായിരിക്കും ഡിജിറ്റൽ മർച്ചന്റ് കാഷ് അഡ്വാൻസ് വായ്പകളിലൂടെ ലഭ്യമാകുകയെന്ന് ആക്സിസ് ബാങ്ക് കമേഴ്സ്യൽ ബാങ്കിങ് ഗ്രൂപ്പ് മേധാവിയും പ്രസിഡൻറുമായ വിജയ് ഷെട്ടി പറഞ്ഞു. കാഷ് ഫ്ളോയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനാൽ എംഎസ്എംഇ മേഖലയിലുള്ളവർക്ക് ഇത് ഏറെ ഗുണകരമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## മലയാളി സ്റ്റാർട്ടപ്പ് ഒപ്പം 1.5 കോടി രൂപയുടെ നിക്ഷേപം സമാഹരിച്ചു

**കൊച്ചി:** മലയാളത്തിൽ മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്ന കേരള സ്റ്റാർട്ടപ്പ് ഒപ്പം ഒന്നരക്കോടി രൂപയുടെ സീഡ് ഫണ്ടിങ് സ്വന്തമാക്കി. പ്രമുഖ നിക്ഷേപക കൂട്ടായ്മയായ ഫീനിക്സ് ഏഞ്ചൽസിന്റെ നേതൃത്വത്തിലാണ് ഈ തുക സമാഹരിച്ചത്. പ്രമുഖ ഏഞ്ചൽ നിക്ഷേപകൻ സന്ദീപ് ബാലാജിയും അദ്ദേഹത്തിന്റെ നിക്ഷേപക ശൃംഖലയും കേരളത്തിലെ വിവിധ സ്റ്റാർട്ടപ്പ് സ്ഥാപകരും ഈ ഫണ്ടിങ് റൗണ്ടിൽ പങ്കാളികളായി. കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ നടന്ന ഹഡിൽ ഗ്ലോബൽ ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിച്ച വൺ ടാങ്ക് ഇവന്റിലൂടെയാണ് നിക്ഷേപം ഉറപ്പാക്കിയത്. കാസർഗോഡ് സ്വദേശികളായ ഇബ്രാഹിം ഹവാസ്, അബ്ദുള്ള കുഞ്ഞി, മുബാഷിറ റഹ്മാൻ എന്നീ യുവസംരംഭകർ ചേർന്നാണ് ഒപ്പം സ്ഥാപിച്ചത്. ഭാഷാപരമായ പരിമിതികളും മാനസികാരോഗ്യ ചികിത്സയോടുള്ള സാമൂഹിക വിമുഖതയും മറികടന്ന് സാധാരണക്കാർക്ക് വിദഗ്ധ സേവനം ലഭ്യമാക്കുക എന്നതാണ് ഈ പ്ലാറ്റ്ഫോമിന്റെ ലക്ഷ്യം. നിലവിൽ 40ലധികം രാജ്യങ്ങളിലുള്ള മലയാളികളാണ് ഒപ്പത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളത്. ഇതിനോടകം ഇരുപതിനായിരത്തിലേറെ തെറാപ്പി സെഷനുകൾ വിജയകരമായി പൂർത്തിയാക്കി. കൺസൾട്ടന്റ് സൈക്കോളജിസ്റ്റുകൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിസ്റ്റുകൾ, സെക്ഷ്വൽ തെറാപ്പിസ്റ്റുകൾ എന്നിവരുടെ സേവനം 24 മണിക്കൂറും ഈ പ്ലാറ്റ്ഫോമിൽ ലഭ്യമാണ്. പുതുതായി സമാഹരിച്ച മൂലധനം ഉപയോഗിച്ച് പ്ലാറ്റ്ഫോമിലെ സേവനങ്ങൾ കൂടുതൽ പ്രാദേശിക ഭാഷകളിലേക്ക് വ്യാപിപ്പിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് സി.ഇ.ഒ ഇബ്രാഹിം ഹവാസ് പറഞ്ഞു. സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആഗോളതലത്തിൽ കൂടുതൽ ആളുകളിലേക്ക് സേവനം എത്തിക്കുന്നതിനും ഈ തുക വിനിയോഗിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## കാർഡമം ഓക്ഷൻഡോട്ട് കോമിന്റെ ഏലം ഡീലർ ലൈസൻസ് റദ്ദാക്കി സ്പൈസസ് ബോർഡ്

**കൊച്ചി:** തുടർച്ചയായ മുന്നറിയിപ്പുകൾക്ക് ശേഷവും 1987 ലെ ഏലം (മാർക്കറ്റിംഗ് & ലൈസൻസിംഗ്) ചട്ടങ്ങൾ ലംഘിച്ചുവെന്ന് ചൂണ്ടിക്കാട്ടി കാർഡമം ഓക്ഷൻസ ഡോട്ട് കോമിന്റെ ഏലം ഡീലർ ലൈസൻസ് റദ്ദാക്കി സ്പൈസസ് ബോർഡ്. 2025 നവംബർ 27 മുതൽ ആണ് ഡീലർ ലൈസൻസ് റദ്ദാക്കിയിരിക്കുന്നത്. ഏലം ലൈസൻസിംഗ് ആൻഡ് മാർക്കറ്റിംഗ് നിയമങ്ങൾ അനുസരിച്ച്, രജിസ്റ്റർ ചെയ്ത ഡീലർമാർക്ക് മാത്രമേ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും എസ്റ്റേറ്റ് ഉടമകളിൽ നിന്നും ഏലം വാങ്ങാനും ഏലം ലേല സംവിധാനത്തിൽ പങ്കെടുക്കാനും അനുവാദമുള്ളുവെന്ന് സ്പൈസസ് ബോർഡ് അധികൃതർ വ്യക്തമാക്കി. ലൈസൻസ് റദ്ദാക്കിയതോടെ, കാർഡമം ഓക്ഷൻ ഡോട്ട് കോമിന് ഇനി ഏലം ലേലങ്ങളിൽ പങ്കെടുക്കാനോ കർഷകരിൽ നിന്ന് ഏലം വാങ്ങാനോ അധികാരമില്ല. ഇനി മുതൽ എല്ലാ ഏലം ലേലക്കാരും കർഷകരും പ്രസ്തുത സ്ഥാപനവുമായി യാതൊരു ഇടപാടുകളിലും ഏർപ്പെടരുതെന്ന് സ്പൈസസ് ബോർഡ് നിർദ്ദേശിച്ചു. നിയമപരമായ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ഏലം വിപണന, ലേല സംവിധാനത്തിന്റെ സമഗ്രത സംരക്ഷിക്കാനും വേണ്ടിയാണ് ഈ നടപടി.

## യമഹ ഇന്ത്യയുടെ പുതിയ ചെയർമാനായി ഹജിമെ ഔറ്റ



**കൊച്ചി:** ഇന്ത്യ യമഹ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ് ഹജിമെ ഔറ്റയെ യമഹ മോട്ടോർ ഇന്ത്യ ഗ്രൂപ്പിന്റെ പുതിയ ചെയർമാനായി നിയമിച്ചു. 2026 ജനുവരി ഒന്നു മുതൽ ചുമതലയേൽക്കും. കോർപ്പറേറ്റ് തന്ത്രം, പ്ലാനിംഗ്, പുതിയ ബിസിനസ് വികസനം എന്നിവയിൽ ദീർഘകാല അന്താരാഷ്ട്ര പരിചയമുള്ള നേതാവാണ് ഹജിമെ ഔറ്റ. ജപ്പാനിലെ യമഹ മോട്ടോർ കോർപ്പറേഷനിൽ എക്സിക്യൂട്ടീവ് ഓഫീസറും ചീഫ് ജനറൽ മാനേജർ ആയിരുന്നു. ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, സുസ്ഥിരത, നവീന സംരംഭങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ഇന്ത്യയിലെ യുവ ഉപഭോക്താക്കളുടെ ഉയർന്ന പ്രതീക്ഷകൾക്ക് യമഹയുടെ പ്രീമിയം ഉൽപ്പന്നങ്ങളും നവീകരണങ്ങളും ശക്തമായി പ്രതികരിക്കുമെന്നും ഇന്ത്യയിലെ വിപണിയിൽ യമഹയുടെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്തുകയും സുസ്ഥിര വളർച്ച കൈവരിക്കുകയുമാണ് ലക്ഷ്യമെന്നും നിയമനത്തെക്കുറിച്ച് പ്രതികരിച്ച ഔറ്റ വ്യക്തമാക്കി.

# ലുലുവിൽ ക്രിസ്തുമസ്, ന്യൂയർ ആഘോഷങ്ങൾക്ക് തുടക്കമായി

**കൊച്ചി:** ലുലുവിൽ ക്രിസ്തുമസ് ന്യൂയർ ആഘോഷങ്ങൾക്ക് തുടക്കമായി. കുട്ടികൾക്കായി ഒരുക്കിയ ലെഗോ സാന്റാ ബിഗ് ഫാക്ടറി ബാലതാരം നന്ദുട്ടി ഉദ്ഘാടനം ചെയ്താണ് ഈ വർഷത്തെ ആഘോഷങ്ങൾക്ക് തുടക്കമിട്ടത്. ലുലു സീസൺ ഓഫ് സ്മൈലിലൂടെ നിരവധി മത്സരങ്ങളിൽ കുട്ടികൾക്ക് പങ്കാളികളാകാം. വരും ദിവസങ്ങളിൽ വിവിധ പരിപാടികൾ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി മാളിൽ അരങ്ങേറും. 31ന് രാത്രി താമരശ്ശേരി ചുരം ബാൻഡ് അവതരിപ്പിക്കുന്ന സംഗീത നിശയും ഫയർ വർക്ക്സും നടക്കും. ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങളെ വരവേൽക്കാൻ മികച്ച വിലയിൽ ഷോപ്പിങ്ങും കൈനിറയെ സമ്മാനങ്ങളും ഒരുക്കിയാണ് ലുലുവിന്റെ ക്രിസ്തുമസ് പുതുവത്സര സെയിൽ നടക്കുന്നത്. നിത്യോപയോഗ സാധനങ്ങൾ, ക്രിസ്തുമസ് പ്രൊഡക്ടുകൾ, വിവിധ ഫ്ളേവറിലുള്ള പ്ലം കേക്കുകൾ, ക്രിസ്തുമസ് അലങ്കാരങ്ങൾ എന്നിവയും ലുലു ഹൈപ്പർ മാർക്കറ്റിൽ വിലക്കുറവിൽ ലഭ്യമാണ്. കൂടാതെ ലുലു ഫാഷനിലും ഓഫർ വിൽപ്പന തുടരുകയാണ്. ഇലക്ട്രോണിക്സ് ആൻഡ് ഹോം അപ്ലൈഡ് ഉപകരണങ്ങൾക്ക് ലുലു കണക്ടിലും ഓഫറുണ്ട്. ഡിസംബർ 24ന് ക്രിസ്തുമസ് സെയിൽ പ്രമാണിച്ച് ലുലു ഹൈപ്പർ മാർക്കറ്റും ലുലു മാളും

രാത്രി 12 മണി വരെ തുറന്ന് പ്രവർത്തിക്കും. ക്രിസ്തുമസ് ദിനത്തിൽ 3 എക്സ് ഓഫറാണ് ലുലു ഫൺട്യൂറയിൽ പ്രഖ്യാപിച്ചിരിക്കുന്നത്.

2000 രൂപ മുതൽ പർച്ചേസ് ചെയ്യുന്ന ഓരോ കാർഡിനും മൂന്നിരട്ടി വാല്യു നേടാം. 2000 രൂപയുടെ കാർഡിന് 6,000 പ്ലേ വാല്യു ലഭിക്കും, 3,000ത്തിന് 9,000 പ്ലേ വാല്യു, 5000 രൂപയുടെ കാർഡ് പർച്ചേസ് ചെയ്താൽ 15,000, 10,000 രൂപയ്ക്ക് 30,000, 15,000 രൂപയുടെ കാർഡ് പർച്ചേസിന് 45,000 മൂല്യമുള്ള പ്ലേ കാർഡ് എന്നിങ്ങനെ സ്വന്തമാക്കാം ക്രിസ്തുമസ് ദിനമായി ഡിസബംർ 25ന് രാവിലെ 10 മുതൽ രാത്രി 11 മണിവരെ ഓഫർ ലഭ്യമാണ്.

# അസറ്റ് ഹോംസിന് അവാർഡ്

**ന്യൂഡൽഹി:** ക്രെഡായ് നാഷനൽ റിയൽ എസ്റ്റേറ്റ് എക്സലൻസ് അവാർഡ്സ് 2025ന്റെ ഉദ്ഘാടനപ്പതിപ്പിൽ രണ്ട് പ്രമുഖ അവാർഡുകൾ നേടി അസറ്റ് ഹോംസ്. വിന്നർ (ഗോൾഡ്) വിഭാഗത്തിൽ രണ്ട് ദേശീയ അവാർഡുകളാണ് അസറ്റ് ഹോംസ് കരസ്ഥമാക്കിയത്. ന്യൂഡൽഹി ടാജ് പാലസിൽ കേന്ദ്ര പാർപ്പിട, നഗരകാര്യ വകുപ്പ് മന്ത്രി മനോഹർ ലാൽ ഖട്ടർ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ മികച്ച പാർപ്പിട പദ്ധതി ടയർ ടു നഗരം മിഡ് സെഗ്മെന്റിൽ അസറ്റ് എൻസൈൻ കോഴിക്കോടും മികച്ച പാർപ്പിട പദ്ധതി ടയർ ത്രീ നഗര വിഭാഗത്തിലെ ലക്ഷ്വറി സെഗ്മെന്റിൽ അസറ്റ് ഗ്രാൻഡിയോസ് സാൻഫോർഡ് കൊല്ലവുമാണ് അവാർഡുകൾ അവാർഡുകൾ നേടിയത്. അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽ കുമാർ വി, ചീഫ് ടെക്നിക്കൽ ഓഫീസർ മഹേഷ് എൽ എന്നിവർ അവാർഡുകൾ ഏറ്റുവാങ്ങി.

രാജ്യത്തെമ്പാടുമുള്ള 500 ഡെവലപ്പർമാരുടെ 800ലേറെ പദ്ധതികളാണ് ക്രെഡായ് നാഷനൽ റിയൽ എസ്റ്റേറ്റ് എക്സലൻസ് അവാർഡ്സിന്റെ ആദ്യഘട്ടത്തിൽ മാറ്റുരച്ചത്. തുടർന്ന് വിവിധതലങ്ങളിൽ നടന്ന കടുത്ത ജൂറി വിലയിരുത്തലുകളിലൂടെ 175 പദ്ധതികളുടെ ചുരുക്കപ്പട്ടിക രൂപീകരിച്ചു. ഇതിൽ നിന്നാണ് വിവിധ വിഭാഗങ്ങളിലായി 15 പദ്ധതികളെ അന്തിമ വിജയികളായി തരഞ്ഞെടുത്തത്. നേട്ടങ്ങൾ കൈവരിച്ചതിൽ ഏറെ അഭിമാനമുണ്ടെന്ന് അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ വി.സുനിൽ കുമാർ പറഞ്ഞു.

# സാംസങ്ങ് സോൾവ് ഫോർ ടുമോറോ 2025: സാങ്കേതികവിദ്യയിലൂടെ ഇന്ത്യൻ കായികരംഗത്തേക്ക്

**കൊച്ചി:** സാംസങ്ങിന്റെ ഫ്ളാഗ്ഷിപ്പ് വിദ്യാഭ്യാസ പദ്ധതിയായ സാംസങ് സോൾവ് ഫോർ ടുമാറോ (എസ്എഫ്ടി) 2025, ഐഐടി ഡൽഹിയുമായി ചേർന്ന് ഇന്നവേറ്റർമാർക്കായി സ്പോർട്ട്സ് ആന്റ് ടെക്ക്നോളജി വഴി സാമൂഹിക മാറ്റം എന്ന ആശയത്തിൽ സംഘടിപ്പിച്ച പ്രോഗ്രാമിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരക്കണക്കിന് വിദ്യാർത്ഥികൾ പങ്കെടുത്തു. ഐഐടി പൂനെ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളുമായ ആദിഷ് ഷെൽക്കെ, ഭാഗ്യശ്രീ മീന എന്നിവർ വികസിപ്പിച്ച നെക്സ്റ്റ്പ്ലേ എഐ എന്ന പ്ലാറ്റ്ഫോം, വീഡിയോ അനാലിറ്റിക്സും മെഷീൻ ലേണിംഗും ഉപയോഗിച്ച് വ്യക്തിഗത ഫീഡ്ബാക്കും പ്രകടന താരതമ്യവും നൽകി കായിക പ്രതിഭകളെ കണ്ടെത്തും. കായികരംഗം എല്ലാവർക്കും ലഭ്യമാക്കുന്ന സാങ്കേതികവിദ്യകളാണ് അവതരിപ്പിച്ചിരിക്കുന്നത്. കാഴ്ചവൈകല്യമുള്ളവർക്ക് സ്വതന്ത്രമായി ചെസ് കളിക്കാൻ സഹായിക്കുന്ന, ഫിഡെ മാനദണ്ഡങ്ങൾ പാലിക്കുന്ന എഐ പവേർഡ് പരിഹാരമായി ശത്രഞ്ജ് സ്വയ ക്രൂ (അസം), കായികതയെ അടിസ്ഥാനമാക്കി ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള തെറാപ്പി ഗെയിമിഫൈ ചെയ്യുന്ന ഹൈബ്രിഡ് ആപ്പായ സ്പോർട്സ് ഫോർ ഓട്ടിസം (തമിഴ്നാട്), പോസ്ചർ ഡിറ്റക്ഷനും സ്കിൽ അനാലിസിസും ഉപയോഗിച്ച് വിദ്യാർത്ഥി താരങ്ങൾക്ക് വ്യക്തിഗത പരിശീലനം നൽകുന്ന എഐ ആപ്പായി സ്റ്റാറ്റസ് കോഡ് 200, ഗെയിമിഫൈഡ് സമീപനത്തിലൂടെ ഓട്ടിസം ബാധിച്ച കുട്ടികളുടെ ബൗദ്ധിക വികസനത്തെ പിന്തുണയ്ക്കുന്ന പേറ്റന്റഡ് ഉപകരണമായി യൂണിറ്റി (തമിഴ്നാട്) തുടങ്ങിയവ അവതരിപ്പിച്ചു.

# മണിമല ഇൻഫന്റ് ജീസസ് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയെ മികവിന്റെ കേന്ദ്രമായി ഉയർത്തും

**മണിമല:** ചെത്തിപ്പുഴ സെൻറ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ മണിമലയിൽ ആരംഭിക്കുന്ന ഇൻഫൻറ് ജീസസ് മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയെ മികവിന്റെ കേന്ദ്രമായി ഉയർത്തുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജെയിംസ് പി. കുന്നത്ത്. രണ്ടാം ഘട്ടം രണ്ടു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതോടെ കിഴക്കൻമേഖലയായ മണിമല ആരോഗ്യരംഗത്ത് പുതുചരിത്രം രചിക്കും. രണ്ടാം ഘട്ടം പൂർത്തിയാകുമ്പോൾ 250 ബെഡ്ഡുകളുള്ള മൾട്ടി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായും ഗവൺമെന്റ് അംഗീകാരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യരംഗത്ത് നൂതന പരിശീലനങ്ങൾ നൽകുന്ന കേന്ദ്രമായി ഈ സ്ഥാപനം വളരും. ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റുകളുടെ എണ്ണം ഇരുപത്തിയഞ്ചായി വർധിക്കും. കേരളത്തിനകത്തും പുറത്തുനിന്നുമെത്തുന്ന രോഗികൾക്ക് രോഗീപരിചരണം ലഭ്യമാകുന്ന മികവിന്റെ ആരോഗ്യകേന്ദ്രമായി ഉയരും. ആശുപത്രിയുടെ ഉദ്ഘാടനം 25നു വൈകുന്നേരം 4.30ന് ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിൽ നിർവഹിക്കും. മുൻ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം വെഞ്ചരിപ്പുകർമം നിർവഹിക്കും. കർദിനാൾ മാർ ജോർജ് കൂവക്കാട്ട് മുഖ്യാതിഥിയായിരിക്കും. ആർച്ച്ബിഷപ് മാർ ജോർജ് കോച്ചേരി, കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ, സഹകരണമന്ത്രി വി.എൻ. വാസവൻ, ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, ആന്റോ ആന്റണി എംപി, ജോബ് മൈക്കിൾ എംഎൽഎ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

# ക്രിസ്മസ് സമ്മാനം: വൈവിധ്യമാർന്ന ശേഖരവുമായി നൈക്ക

**കൊച്ചി:** ക്രിസ്മസ് സമ്മാനങ്ങൾക്കായി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ അവതരിപ്പിച്ച് ഇന്ത്യയിലെ പ്രമുഖ സൗന്ദര്യവർദ്ധക വിപണന ശൃംഖലയായ നൈക്ക. വിവിധ താൽപര്യങ്ങൾക്കും ബജറ്റിനും ഇണങ്ങും വിധം ക്യൂറേറ്റ് ചെയ്ത സ്കിൻ കെയർ, മേക്കപ്പ്, ബോഡി കെയർ സെറ്റുകളാണ് ആകർഷകമായ ഓഫറുകളിൽ വിൽപ്പനയ്ക്കുള്ളത്. ചർമസംരക്ഷണത്തിനായി 'ട്വൽവ് ഡേയ്സ് ഓഫ് ഗ്ലോ' കിറ്റും, മേക്കപ്പിൽ താൽപര്യമുള്ളവർക്കായി ഷാർലറ്റ് ടിൽബറി പില്ലോ ടോക്ക് ലിപ് ആൻഡ് ചീക്ക് കിറ്റ്, ന്യൂഡ്സ്റ്റിക്സ് മിനി സൺകിസ്ഡ് ന്യൂഡ്സ് എന്നിവയും ആഡംബരപൂർണ്ണമായ സോൾ ഡി ജനീറോ, വാണ്ടർലസ്റ്റ് ഫ്രഞ്ച് ലാവെൻഡർ എന്നീ ബോഡി കെയർ ഉൽപ്പന്നങ്ങളും ആയുർവേദ ഗുണങ്ങളുള്ള കാമ ആയുർവേദ, കൊറിയൻ ബ്യൂട്ടി ഉൽപ്പന്നമായ സ്കിൻ 1004 സെന്റല്ല ട്രാവൽ കിറ്റ് എന്നിവയും ഈ ശേഖരത്തിന്റെ പ്രധാന ആകർഷണങ്ങളാണ്. ഉൽപ്പന്നങ്ങൾ നൈക്കയുടെ ആപ്പ് വഴിയും nykaa.comലൂടെയും സ്വന്തമാക്കാം.

# മ്യൂസിയം ഇൻ റെസിഡൻസ്; കരാറിൽ ഒപ്പുവെച്ചു



**മുംബൈ;** ഖത്തർ മ്യൂസിയവും നിത മുകേഷ് അംബാനി കൾച്ചറൽ സെന്ററും ഇന്ത്യയിലും ഖത്തറിലും മ്യൂസിയം ഇൻ റെസിഡൻസ്' വിദ്യാഭ്യാസ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുള്ള കരാറിൽ ഒപ്പുവച്ചു. ഇഷ അംബാനി, റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഡയറക്ടറും ഖത്തർ മ്യൂസിയം ചെയർപേഴ്സണുമായ ഷെയ്ഖാ അൽ മയ്യാസ ബിൻത് ഹമദ് ബിൻ ഖലീഫ അൽ താനിയും ചേർന്നാണ് പങ്കാളിത്തം പ്രഖ്യാപിച്ചത്. അഞ്ചുവർഷം ദൈർഘ്യമുള്ള ഈ പങ്കാളിത്തത്തിലൂടെ ഖത്തർ മ്യൂസിയംസിന്റെ നവീന പഠന മാതൃകകൾ ഇന്ത്യയിലെ സ്കൂളുകളിലും സാംസ്കാരിക പഠന കേന്ദ്രങ്ങളിലേക്കും എത്തിക്കും. അതോടൊപ്പം, പുതിയ വിദ്യാഭ്യാസ പരിപാടികൾ രൂപപ്പെടുത്തുന്നതിനും ഈ സഹകരണം വഴിയൊരുക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com